# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.3/791/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.3/791/2022 തീയ്യതി: 29/06/2022

# തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2021 മുതൽ 03-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 19-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 19-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ആർ പ്രതാപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ആശ ജി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആര്യാകൃഷ്ണൻ എ ആർ, ഓഡിറ്റർ
ശ്രീ സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സജി. റ്റി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീ. ജെറോം ദാസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ . അജു എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.വി.ശിവസെന്തിൽ കുമാർ | വെറ്റിനറി സർജൻ | 01-04-2020 | 05-08-2020 |
| ഡോ.അനിൽകുമാർ.വി.എ | വെറ്റിനറി സർജൻ | 06-08-2020 | 31-03-2021 |
| ഡോ ചിന്ത സുകുമാരൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീമതി ഡയാന ജോസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലത എ | ഐ സി ഡി എസ് സൂപ്പർവെസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീജ സി | വി ഇ ഒ (നോർത്ത്) | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു | വി ഇ ഒ (സൗത്ത്) | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത വി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ ഉണ്ണികൃഷ്ണൻ ജെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| കാർത്തികേയൻ റ്റി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ലീന വി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സലീന കെ ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ സനൽകുമാർ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Arya Krishnan A.R (Auditor, On 11-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു<br>Written By: Arya Krishnan A.R (Auditor, On 11-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-5-1 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 11-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-5-2 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sebin Sebastian (Auditor, On 19-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1 -6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-7 |
| 10 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി<br>Written By: Arya Krishnan A.R (Auditor, On 11-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-8 |
| 11 | ക്യാഷ് ബുക്ക്, എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-8-1 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prathap Kumar R (Audit Officer (HG), On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-9 |
| 13 | തൊഴിൽ നികുതി അവലോകനം<br>Written By: Arya Krishnan A.R (Auditor, On 05-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-10 |
| 14 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 1-11 |
| 15 | തൊഴിൽ നികുതി- രേഖകൾ ഹാജരാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-11-1 |
| 16 | പെർമിറ്റ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 1-12 |

| | | |
|---|---|---|
| 17 | പെർമിറ്റ്, നമ്പറിംഗ്-ഒറ്റ ഫയലായി ക്രമീകരിക്കുന്നില്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-12-1 |
| 18 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-12-2 |
| 19 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-12-3 |
| 20 | ലൈസൻസ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 1-13 |
| 21 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-13-1 |
| 22 | വർഷങ്ങളായി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-13-2 |
| 23 | നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-13-3 |
| 24 | റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-13-4 |
| 25 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-13-5 |
| 26 | അപേക്ഷകളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-13-6 |
| 27 | മാർക്കറ്റ് ലേലം- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-14 |
| 28 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-15 |
| 29 | ട്യൂട്ടോറിയൽ-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-16 |
| 30 | വൃദ്ധർക്ക് കട്ടിൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-17 |
| 31 | ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം- കമ്മിറ്റി തീരുമാനിച്ചതിനേക്കാൾ അധികം തുക നൽകി-30,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-18 |
| 32 | ആർദ്രം ജീവനക്കാരുടെ വേതനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-19 |

| | | |
|---|---|---|
| 33 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 4,53,037/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 1-20 |
| 34 | 19 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പ്രോജക്ടിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല -1738288/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-21 |
| 35 | തെരുവുവിളക്ക് പരിപാലനം - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 20-06-2022) | 1-22 |
| 36 | ചെലവുരേഖകൾ ഹാജരാക്കിയില്ല- 156200/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-23 |
| 37 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 1498763/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-24 |
| 38 | ദുരന്ത നിവാരണം- പൊഴിമുറിക്കൽ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-25 |
| 39 | ചെലവു രേഖകൾ ഹാജരാക്കിയില്ല- 1,90,600/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-26 |
| 40 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-27 |
| 41 | വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക നൽകി -1680 രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-28 |
| 42 | ചെക്കിൽ രേഖപ്പെടുത്തിയിരുന്ന തുകയേക്കാൾ കൂടുതൽ പിൻവലിച്ചു- പഞ്ചായത്തിന് നഷ്ടമായ തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-29 |
| 43 | റിക്കവറിയിനത്തിൽ കുറവുചെയ്ത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയില്ല<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 1-30 |
| 44 | ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-31 |
| 45 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-32 |
| 46 | ലൈഫ് മിഷൻ വായ്പ- അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-33 |
| 47 | റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയ ചെക്കുകൾ- | 1-34 |

| | | |
|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | |
| 48 | ഗ്രാമപഞ്ചായത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം 2014-15ൽ ആരംഭിച്ച് 4.5കോടി മുടക്കിയ പദ്ധതി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ - പൊതു പണത്തിന്റെ പാഴ്ച്ചെലവ്<br>Written By: Prathap Kumar R (Audit Officer (HG), On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-35 |
| 49 | അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പണികളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Prathap Kumar R (Audit Officer (HG), On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-36 |
| 50 | അസിസ്റ്റന്റ് എഞ്ചിനീയർ - രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും പരിപാലനം സംബന്ധിച്ച്<br>Written By: Prathap Kumar R (Audit Officer (HG), On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-37 |
| 51 | കോവിഡ് പ്രവർത്തന അവലോകനം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 23-06-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Asha G R (Senior Grade Auditor, On 03-04-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

(എ) ബജറ്റ് അംഗീകാരം

ഭരണസമിതിയുടെ 16.03.2020 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 31,68,95,584 /-രൂപയും പ്രതീക്ഷിത ചെലവ് 30,44,65,120 /-രൂപയുമാണ്.

(ബി) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല .

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. ബജറ്റ്ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം /20.12.2021).

ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-1-1 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2105001എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 29270 |
| 2 | 2201101 ഓഫീസ് ചെലവുകൾ | 500,000 | 972929 |
| 3 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 300,000 | 49530 |
| 4 | 2208001 മറ്റ് ഭരണചെലവുകൾ | 700000 | 1623623 |

1-1-2 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|
| ബോണസ് 2101003 | 50000 | 0 |
| നികുതി 2201003 | 10000 | 0 |
| മെമ്പർഷിപ്പ് വരിസംഖ്യ2206101 | 50000 | 0 |

1-1-3 വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും വളരെ കുറവ് വരവാണ് ലഭിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ

ചേർക്കുന്നു.

| ഹെഡ് | ഇൻകം &എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1101001 വസ്തുനികുതി | 5011695 | 96,00,000 |
| 1301001 സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 0 | 6,20,000 |
| 1303001 ആഡിറ്റോറിയം, ഹാൾ വാടക | 3250 | 60000 |

1-1-4 ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും വിവിധ ശീർഷകങ്ങളിൽ ചെലവായ തുകയേക്കാൾ വളരെ കൂടിയ തുകയാണ് റിവൈസ്ഡ് ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് . ഉദാഹരണം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 2201001 വാടക | 350000 | 11400 |
| 2 | 2201002 റേറ്റ്സ് | 200000 | 6850 |
| 3 | 2301002 ഡീസൽ പെട്രോൾ | 235000 | 71927 |

കോവിഡ് വ്യാപനം രൂക്ഷമായതിനാൽ പഞ്ചായത്ത് രാജ് ആക്ട് 214ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് അന്വേഷണത്തിന് (05/09.03.2022) മറുപടി ലഭ്യമാക്കി.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 28.07.2021 | - | - |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു.( വരവ് 277473784ചെലവ് 282248392/-)

2) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

3) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

4) ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യനിർണയിച്ചിട്ടില്ല.

5) വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) , നോട്സ് ഓൺ അക്കൌണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6) ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

7) കേരള ഗ്രാമീൺ ബാങ്ക് നെല്ലിമൂട് ബ്രാഞ്ച് തനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2021 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധികഴിഞ്ഞ 177354/- രൂപയുടെ ചെക്ക് ഉൾപ്പെട്ടിട്ടുണ്ട് (ഓഗസ്റ്റ് 2020 മുതൽ ഡിസംബർ 2020വരെ) . (Cheque Issued But Not Presented Into Bank) ആയത് Stale Cheque എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

8)കേരള ഗ്രാമീൺ ബാങ്ക് നെല്ലിമൂട് ബ്രാഞ്ച് തനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2021 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം ജനവരി 2019മുതൽ ഫെബ്രുവരി 2020വരെയുള്ള കാലയളവിലെ 96774/- രൂപയുടെ ചെക്കുകൾ നാളിതുവരെ കളക്ഷനായിട്ടില്ല. (Cheque Deposited But Not Collected ). പ്രസ്തുത ചെക്കുകളുടെ വിശദാംശങ്ങളും ആയത് നാളിതുവരെ കളക്ഷനാകാത്തതിന്റെ കാരണവും വിശദമാക്കേണ്ടതാണ്.

9) സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (മാർച്ച് 2021 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം മുതലായ ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

10) 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

11. ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷനായി മാനേജർ പി റ്റി എം കോളേജ് ഫോർ ആർട്സ് ആന്റ് സയൻസ്, ഫോക്കസ് ട്യൂഷൻ സെന്റർ എന്നിവർ സമർപ്പിച്ച അപേക്ഷകൾ ഓഡിറ്റിന് ലഭ്യമായിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വരവുകൾ ഏതു ഹെഡിലാണ് ഉൾപ്പെട്ടതെന്ന് വ്യക്തമാക്കേണ്ടതാണ്.

12. സ്വകാര്യ ആശുപത്രികളും സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. എന്നാൽ രജിസ്ട്രേഷൻ ഫീസിനത്തിലോ പുതുക്കുന്നതിനായോ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. തനത് വരവുകളുമായി (അക്രൂവൽ അടിസ്ഥാനത്തിൽ വരവുള്ള ഇനങ്ങൾ, അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ വരവുള്ള രജിസ്റ്ററുകൾ ) ബന്ധപ്പെട്ട ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവയുടെ അബ്സ്ട്രാക്ട് എഴുതി തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന ഓരോ ഇനങ്ങളുടെയും ഡി.സി.ബി.സംബന്ധിച്ച വിവരം അതത് രജിസ്റ്ററുകളിൽ നിന്നും ലഭ്യമല്ല. ആയതിനാൽ ചുവടെ പറയുന്ന രജിസ്റ്ററുകളിലെ വിവരങ്ങൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാൻ സാധിക്കുന്നില്ല.

. D&O Licence Register

. Register Of Rent From Auditoriums And Hall

. Auction Register.

. Register Of Professional Tax Of Employees

. Register Of Institutional Professional Tax.

. Register Of Rent From Markets

14) ബി 7 ൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ഡെപ്പോസിറ്റിനങ്ങളുടെ (ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായവ) രജിസ്റ്റർ , B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ്.ഇ ബി) രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവു ചെലവു നീക്കിയിരിപ്പിന്റെ കൃത്യത ധനകാര്യ പത്രികയിലെ വിവരങ്ങളുമായി ചേർത്ത് പരിശോധിച്ചിട്ടില്ല.

15. എം.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരുപ്പ് | വരവ് | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 3493 | 74,83,600 | 74,23,213 |
| ക്യാഷ് ബുക്ക പ്രകാരം | 513003.75 | 7362919 | 7812042.3 |

16) ഹഡ്കോ വായ്പാ രജിസ്റ്റർ ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വായ്പയിനത്തിലെ തിരിച്ചടവ്, നീക്കിയിരിപ്പ് ഉടങ്ങിയവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ധനകാര്യപത്രിക പ്രകാരം വായ്പയിനത്തിൽ തൻവർഷം ലഭ്യമായ തുക 41,13,983 /- രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രജിസ്ററർ പ്രകാരം വരവ് 46,53,983/- ആണ്.

17) വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ സഞ്ചയ, വാർഷിക കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി (തൻ വർഷം)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 8361325 | 4666916 | 3657623 |
| വാർഷിക കണക്കുകൾ പ്രകാരം | 7921994 | 4385848 | 3705196 |

വസ്തുനികുതി (അരിയർ)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 5507444 | 2284591 | 3227337 |
| വാർഷിക കണക്കുകൾ പ്രകാരം | 4265137 | 2233581 | 3088187 |

18. ഡി.സി.ബി. തനത്, ഡി.സി.ബി. സാക്ഷരത എന്നീ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് ലഭ്യമാക്കിയില്ല. ടി അക്കൗണ്ടുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ.

| | 01.04.2020 ലെ മുന്നിരുപ്പ് | 31.03.2021 ലെ നീക്കിയിരുപ്പ് |
|---|---|---|
| ഡി.സി.ബി. സാക്ഷരത | 6233 | 6233 |
| ട്രഷറി അക്കൌണ്ട് കോവിഡ് | 0 | 325888 |

19) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

20) ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചെലവുപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

| പ്രോജക്ട് നം | തുക | ബിൽ നം , തീയതി |
|---|---|---|
| 267/21 കാലിത്തൊഴുത്ത് നവീകരണം | 180000 | 1/18.05.20 |
| 268/21 കറവപ്പശു വിതരണം (ജനറൽ) | 110000 | 2/18.05.20 |

22) കേരള ഗ്രാമീൺ ബാങ്ക്, നെല്ലിമൂട് ശാഖയിൽ (അക്കൌണ്ട് നം 40682101042623) നിലവിലുള്ള ലൈഫ് മിഷൻ പ്രോജക്ടുകൾക്കായുള്ള അക്കൌണ്ടിന്റെ ഫെബ്രുവരി 2021 ലെ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന 1573983/- രൂപയുടെ ചെക്കുകൾ മാർച്ച് 2021 ലെ റീകൺസിലിയേഷനിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ചെക്കുകൾ പ്രകാരമുള്ള തുകകൾ മാർച്ച് 2021 ൽ പിൻവലിക്കപ്പെട്ടിട്ടില്ല.

23) വാർഷിക കണക്കുകൾ ഐ6, ഐ14(എ) പ്രകാരം എം.എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയിട്ടുള്ള തുക7,12,08,661 /- രൂപയാണ്. എം. എൻ.ആർ.ഇ.ജി.എസ് ലഭ്യമാക്കിയ പത്രിക പ്രകാരം ഇത് 6,38,35,975/- രൂപയാണ്.

24) വാർഷിക കണക്കുകൾ പ്രകാരം ബി11 (എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് 16,60,287/- ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാപ്പിറ്റൽ വർക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

25) ധനകാര്യപത്രിക പ്രകാരം (I6) വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം എന്നയിനത്തിൽ 3,60,000/- രൂപയും ( Bill No 18/10.11.20 Rs. 60000/-, /Bill No 13/30.12.20 Rs 120000/-, Bill No 14/25.03.21 Rs 180000/- ) തൊഴിൽ രഹിതവേതനമിനത്തിൽ 3600/- രൂപയും( Bill No 8/28.10.21) രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിവരങ്ങൾ ആർ പി പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

26) കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾക്കായി അസി.സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ കേരളഗ്രാമീൺ ബാങ്ക് നെല്ലിമൂട് ശാഖയിൽ 17.09.2020 ൽ ആരംഭിച്ചിരിക്കുന്ന അക്കൌണ്ടിന്റെ പാസ് ബുക്ക് പ്രകാരം 31.03.2021 ൽ 28805.95രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൌണ്ട് പ്രകാരമുള്ള വരവ് ചെലവുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ബാലൻസ് ഷീറ്റിലും രേഖപ്പെടുത്തിയിട്ടില്ല.

തനത് ഫണ്ട് അക്കൗണ്ട് സ്റ്റേററ്മെന്റ് (കേരള ഗ്രാമീൺ ബാങ്ക്) , Grants And Contributions For Govt Agencies-Other Govt Agencies എന്നയിനത്തിന്റെ ലെഡ്ജർ ബുക്ക് എന്നിവ പ്രകാരം താലൂക്ക് ഓഫീസിൽ നിന്നുള്ള സംഭാവനയിനത്തിൽ 6,50,703/- രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കോവിഡുമായി ബന്ധപ്പെട്ട ( അക്കൌണ്ട് നം 40682101073340 , കേരള ഗ്രാമീൺ ബാങ്ക് , നെല്ലിമൂട് ) അക്കൌണ്ടിലേയ്ക്ക് വരവ് വച്ചിട്ടില്ല.

27) RP-7 പ്രകാരം മുനിസിപ്പൽ കോർപറേഷനിൽ നിന്നും ലഭ്യമായ 10,00,000 /-രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ചെലവിന്റെ വിശദാംശങ്ങൾ ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പും രേഖപ്പെടുത്തിയിട്ടില്ല

28) തൊഴിൽ നികുതിയിനത്തിലെ വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

29) ധനകാര്യപത്രിക (ഐ 18) യിൽ Prior Period Income - Other Incomes എന്നയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 609945/ - രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം 18/16.03.2022, നം 8/ 10.03.2022).

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 27334915 | 27334915 | 25487027 | 1847888 |
| വികസനഫണ്ട്-എസ്.സി.പി | 0 | 9200862 | 9200862 | 7185484 | 2015378 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | | | 16553140 | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 27013000 | 27013000 | 27011085 | 1915 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 7768622 | 7768622 | 7699863 | 68759 |

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകൾ സർക്കാർ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 27334915 | 31429535 |
| വികസനഫണ്ട് (എസ്.സി.പി) | 9200862 | 9362000 |

വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തുന്നില്ല. തൻ നിമിത്തം വരവു കുറവായി രേഖപ്പെടുത്താനിടയാകുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പൊതു വിഭാഗം വികസന ഫണ്ടിന്റെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എ.സി.ആർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ.

| ഫണ്ടിനം | ചെലവ് | |
|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം |
| വികസന ഫണ്ട് ജനറൽ | 29372216 | 25487027 |
| വികസന ഫണ്ട് എസ് സി പി | 7266053 | 7185484 |

3.കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് പ്രകാരം( B4)ചുവടെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

| ഹെഡ് | തുക |
|---|---|
| 320100121 | 2450974 |
| 320100102 | 9000 |
| 320200115 | 13279 |

| | |
|---|---|
| 320200309 | 6233 |
| 320200399 | 27000 |
| 320700205 | 20400 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കിയിട്ടില്ല.

5. ബ്ലോക്ക് വിഹിത ഇനത്തിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു (ബാലൻസ് ഷീറ്റ് )

ജി.ഒ (പി) 07/2017 ധന 23.01.2017 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവഹണം നടക്കാത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയില്ലെങ്കിൽ നിർവഹണം ഏറ്റെടുത്ത തദ്ദേശ സ്ഥാപനം ജോയിന്റ് അക്കൌണ്ട് മാർച്ച് 31 നകം റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതും അക്കൌണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു. (ബി 4 ഷെഡ്യൂൾ)

| ശീർഷകം | | തുക |
|---|---|---|
| 320700204 | Contribution For Joint Venture Projects ( For Revenue Expenditure) For Block Panchayats | 561158 |
| 320700205 | Contribution For Joint Venture Projects ( For Revenue Expenditure) For District Panchayats | 20400 |

ബ്ലോക്ക്, ജില്ലാ വിഹിത ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്ന തുക തിരിച്ചടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഗ്രാന്റ് യൂട്ടിലൈസേഷൻ -വിനിയോഗത്തിലെ അപാകതകൾ .

(എ) സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 3008520/- രൂപയാണ്. ഈയിനത്തിൽ ആകെ 9405750/- രൂപ അടങ്കൽ വകയിരുത്തുകയും 3331500 /- രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 35% മാത്രം വിനിയോഗിച്ചിട്ടുള്ളത്.

(ബി)സ.ഉ (കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 300000/-രൂപ വകയിരുത്തുകയും 217200/-രൂപ മാത്രം വിനിയോഗിക്കുകയും ചെയ്തിരിക്കുന്നു. വകയിരുത്തലിന്റെ 72% ആണ് വിനിയോഗിച്ചിട്ടുള്ളത്.

(സി) സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക1504260/- ആണ്. കൂടിയ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ( 3252900 ) ഈ വിഭാഗത്തിലെ ചെലവ് 1434895. വകയിരുത്തലിന്റെ ചെലവ് ശതമാനം 44%.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 192870924 | 260 | 115128945 | - | 50 | 60% |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 10139700 | 4074 |
| വിധവ പെൻഷൻ | 22355600 | 8403 |
| വാർദ്ധക്യകാലപെൻഷൻ | 35386700 | 14768 |
| വികലാംഗപെൻഷൻ | 8725600 | 3413 |
| വിവാഹധനസഹായം | 360000 | 12 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 567100 | 218 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ട് ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന 25% മാത്രം അപേക്ഷ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വിവരം | |
| 1 | മീനാക്ഷി.എൻ | 102940101400 | കർഷക തൊഴിലാളി പെൻഷൻ | 15.12.2019 | ആക്റ്റീവ് | 01/20- 02/22 | 37780 |
| 2 | കരുണാകരൻ | 102940201949 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.12.2019 | സസ്പെൻഡഡ് | 01/20- 04/20 | 6000 |
| 3 | ശ്രീധരൻനാടാർ | 102940200369 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08.05.2020 | ആക്റ്റീവ് | 06/20- 02/22 | 32600 |
| 4 | കെ.സരോജിനി | 102940101111 | കർഷക തൊഴിലാളി പെൻഷൻ | 10.06.2020 | ആക്റ്റീവ് | 07/20- 02/22 | 30300 |
| 5 | ആർ.മാധവൻ | 102940100414 | കർഷക തൊഴിലാളി പെൻഷൻ | 17.06.2020 | ആക്റ്റീവ് | 07/20- 02/22 | 30300 |
| 6 | കരുണാകരൻനായർ | 102940100415 | കർഷക തൊഴിലാളി പെൻഷൻ | 18.07.2020 | ആക്റ്റീവ് | 08/20- 02/22 | 29000 |
| 7 | എം.ചെല്ലപ്പൻ | 102940101333 | കർഷക തൊഴിലാളി പെൻഷൻ | 18.07.2020 | ആക്റ്റീവ് | 08/20- 02/22 | 11400 |
| | | | | | | ആകെ | 177380 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സർക്കുലർ നം.എസ്.എഫ്.സി-ബി2/53/2017/ധന തീയതി 22.01.2018 പ്രകാരം അനർഹരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് തയ്യാറാക്കേണ്ടതും, പുനർവിവാഹം/ മരണം ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ചുമതലയാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ177380/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/16.03.2022) ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ടവരുടെ പെൻഷൻ സസ്പെൻഡ് ചെയ്ത് അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിലേയ്ക്കായി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ട് ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന 25% മാത്രം അപേക്ഷ പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷണർ ഐഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | വേലമ്മ.പി | 21.01.2020 | 102940200421 | സസ്പെൻഡ് |
| 2 | കൃഷ്ണപിള്ള | 19.05.2020 | 102940200596 | ആക്ടീവ് |
| 3 | രാമചന്ദ്രൻ.കെ | 17.06.2020 | 102940201602 | ആക്ടീവ് |
| 4 | സെലി | 26.06.2020 | 102940200478 | ആക്ടീവ് |
| 5 | സരസ്വതിഅമ്മ | 01.07.2020 | 102940201027 | ആക്ടീവ് |
| 6 | എൻ.സോമൻ | 04.07.2020 | 102940200445 | ആക്ടീവ് |
| 7 | രാധമ്മ | 08.07.2020 | 102940101401 | സസ്പെൻഡ് |

ധനകാര്യവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം

ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/16.03.2022) ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ടവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1 -6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.03.2022, 2.30 PM-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9712/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ തനത് വരവിനങ്ങളിൽ നിന്നുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഉദാഹരണമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും പിരച്ചെടുക്കുന്നതിലും ഗുരുതരമായ അനാസ്ഥ കാണുന്നു. രജിസ്റ്ററുകളും റെക്കാർഡുകളും എഴുതി സൂക്ഷിക്കുന്നത് സാമാന്യം തൃപ്തികരമാണ്. എന്നാൽ ആസ്തി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവയിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി ആസ്തിരജിസ്റ്ററിൽ പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് അപൂർണമാണ്. നിർമിച്ച തീയതി , എന്ത് തരം കെട്ടിടം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ സ്യൂട്ട് നം , ഫീസിനത്തിൽ ഒടുക്കിയ തുക എന്നീ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്യൂട്ട് ഫയൽ ചെയ്ത തീയതി , Nature Of Suit, Authority For Conductiing Suit, പഞ്ചായത്ത് അഭിഭാഷകന്റെ പേര് എന്നീ വിവരങ്ങൾലഭ്യമല്ല. ഓരോ കേസിലും അടുത്ത ഹിയറിംഗ് ഡേറ്റ് കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3493 | 7483600 | 7487093 | 7423213 | 63880 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 63785448 | 63785448 | 63785448 | 0 |
| ആകെ | 3493 | 71269048 | 71272541 | 71208661 | 63880 |

## 1-8-1 ക്യാഷ് ബുക്ക്, എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

MGNREGS- ന്റെ വാർഷിക ധനകാര്യ പത്രികയിലെ വരവ്-ചെലവ്- നീക്കിയിരിപ്പ്, ക്യാഷ് ബുക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തില്ല. വിശദാംങ്ങൾ ചുവടെ:

| | | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | എ.എഫ്.എസ് പ്രകാരം | 3493 | 7483600 | 7423213 | 63880 |
| | ക്യാഷ് ബുക്ക് പ്രകാരം | 513003.75 | 7362919 | 7812042.3 | 63880 |

| | | | | | |
|---|---|---|---|---|---|
| ഇ.എഫ്.എം.എസ് | എ.എഫ്.എസ് പ്രകാരം | 0 | 63785448 | 63785448 | 0 |
| | ക്യാഷ് ബുക്ക് പ്രകാരം | 513003.75 | 66102998 | 63785208 | 2830793.75 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 32/19.03.2022) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന് കൊടുത്ത EFMS Opening Balance തുക തെറ്റായിപോയതിനാലും, ആകെ ചെലവഴിച്ച തുകയിൽ എ എഫ് എസ്-ലെ അഡ്വിൻ തുകയും ചേർത്തതിനാലാണ് തുകകൾ വ്യത്യാസം വന്നതെന്നും അറിയിച്ചു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.21 മുതൽ 22.11.21 | ജനവരി2021 മുതൽ ആഗസ്റ്റ്2021 | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.05.16 മുതൽ 24.05.16 | 2011-12 മുതൽ 2016-17 വരെ | ലഭ്യമാക്കിയില്ല |

## 1-10 തൊഴിൽ നികുതി അവലോകനം

തൊഴിൽ നികുതി ഇനത്തിലെ ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ നാല് വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ജീവനക്കാരുടെ തൊഴിൽ നികുതി വരവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഇനം | വരവ് |
|---|---|---|
| 2017-18 | Profession Tax- Employees | 3400586/- |
| 2018-19 | | 3321516/- |
| 2019-20 | | 2786014/- |
| 2020-21 | | 2096175/- |

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കഴിഞ്ഞ നാല് വർഷത്തിൽ പഞ്ചായത്തിന് ഏകദേശം 14 ലക്ഷം രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ വരുമാന നഷ്ടം സംഭവിച്ചത് എപ്രകാരമെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 തൊഴിൽ നികുതി- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 തൊഴിൽ നികുതി- രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വസിഷൻ നം.01/ 09.03.2022, ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 21/ 16.03.2022 എന്നിവ പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക RP-1 പ്രകാരം 2096175/- രൂപയും RP-43 പ്രകാരം 362150/- രൂപയും വരവായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, രണ്ടു മാസത്തിനുള്ളിൽ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

## 1-12 പെർമിറ്റ്- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ പെർമിറ്റുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-12-1 പെർമിറ്റ്, നമ്പറിംഗ്-ഒറ്റ ഫയലായി ക്രമീകരിക്കുന്നില്ല

02.12.2015- ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ ഉടങ്ങിയവ ഒറ്റ ഫയലായി ക്രമീകരിക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/11.03.2022) ലഭ്യമാക്കിയ മറുപടിയിൽ ഒറ്റ ഫയലായി ക്രമീകരിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നികുതി നിർണ്ണയം വരെയുള്ള രേഖകൾ ഒരുമിച്ച് സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 9(4) പ്രകാരം പെർമിറ്റ് നൽകുന്നതിന് ഷെഡ്യൂൾ 2 പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫീസ് ചട്ട പ്രകാരമല്ല ഈടാക്കിയിരിക്കുന്നത്. 150$m^2$ നമുകളിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 7/- രൂപ നിരക്കിലാണ് തുക ഈടാക്കേണ്ടത്. എന്നാൽ അപ്രകാരമല്ല തുക ഈടാക്കിയിരിക്കുന്നത്.
ഉദാഹരണം ചുവടെ:-

| ക്രമ നം. | ഫയൽ നമ്പർ | പേര് | ഏരിയ | ഈടാക്കേണ്ട തുക (7/- രൂപ നിരക്കിൽ) | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | A3-7412/20/ 134/2020 Dated 23/11/2020 | ശിവപ്രസാദ് & അഞ്ചു ആർ ജെ, ശ്രീവിലാസം, നെട്ടത്താന്നി, കോട്ടുകാൽ പി ഒ (പാർപ്പിടം) | 186.11 | 1303/- | 651/- (120030102756/ 23.11.2020) | 652/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/11.03.2022) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ഒടുക്കുന്നതിന് അറിയിപ്പ് നൽകി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-3 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 95(4) പ്രകാരം ക്രമവത്ക്കരണ ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടി ആയിരിക്കണം. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള ഫീസല്ല ഈടാക്കിയിരിക്കുന്നത്.
ഉദാഹരണം ചുവടെ.

1. ചുവടെ ചേർക്കുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | പേര് | പെർമിറ്റ് പ്രകാരമുള്ള ഏര്യ | Completion Plan പ്രകാരമുള്ള ഏര്യ | അധികമായി നിർമ്മിച്ച സ്ഥലത്തിന് ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | A3-8005/20<br>06.11.2020 | ജോയി.ഡി | 137.28 $M^2$<br>(പാർപ്പിടം) | 139.79 $M^2$ | 2.51 $M^2$ * 3.5* 2 = 18/- |
| 2 | A3-360/21<br>11.01.2021 | സാബു-ശ്യാമള | 148.34 $M^2$<br>(പാർപ്പിടം) | 160.88 $M^2$ | 12.54 $M^2$ *<br>7 * 2= 176/- |

2. റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

| ക്രമ നം. | ഫയൽ നമ്പർ/ തീയതി | പേര് | പെർമിറ്റ് പ്രകാരമുള്ള ഏര്യ | Completion Plan പ്രകാരമുള്ള ഏര്യ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | A3-745/21<br>19.01.2021 | ചന്ദ്രൻ-സിന്ധു | 176.84$m^2$<br>(പാർപ്പിടം) | 184.8 $M^2$ | 112/- | 84/-<br>(120030103930/ 20.02.21) | 28/- |
| 2 | A3-1231/21<br>01.02.21 | ജയകുമാർ എം | 111.72 $M^2$<br>(പാർപ്പിടം) | 204.47m2 | 1299/- | 835/-<br>(120030104439/ 05.03.21) | 464/- |
| 3 | A3-6530/20<br>24.09.20 | ജോസഫ്-കാർമലി | 159.67$m^2$<br>(പാർപ്പിടം) | 162.93$m^2$ | 46/- | 34/- | 12/- |
| 4 | A3-9116/20<br>28.12.20 | ശ്രീരാജ്-സിതാര | 204.16$m^2$<br>(പാർപ്പിടം) | 230.36 $M^2$ | 367/- | 275/-<br>(120030104379/ 04.03.21) | 92/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 30/18.03.2022) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ഒടുക്കുന്നതിന് അപേക്ഷകർക്ക് അറിയിപ്പ് നൽകി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ലൈസൻസ്- അപാകങ്ങൾ

2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-13-1 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കി

സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-2021 ൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളും ക്രിട്ടിക്കൽ കണ്ടെയ്മെന്റ് സോണായി നിരവധി തവണ പ്രഖ്യാപിച്ചിരുന്നതിനാൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും, വരും വർഷം മുഴവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചു. 2019-2020 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിലും ഇതേ വിഷയം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടിയും സ്വീകരിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-2 വർഷങ്ങളായി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. 2020-2021 വർഷത്തെ ലൈസൻസിന് അപേക്ഷിച്ച അപേക്ഷയിൽ മുൻവർഷത്തെ ലൈസൻസ് വിവരങ്ങളായി 2015-16, 2012-13 എന്നിങ്ങനെയാണ് കാണുന്നത്. എന്നാൽ, 2020-2021 വർഷത്തെ ലൈസൻസ് നൽകിയപ്പോൾ മുൻ വർഷങ്ങളിലെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരമുള്ള മുൻ വർഷത്തെ ലൈസൻസ് വിവരങ്ങൾ |
|---|---|---|---|
| 1 | രാജൻ. കെ. എസ് | ആർ. കെ. എസ് ഏജൻസീസ് | 2018-19 |
| 2 | ശ്രീകുമാരൻ | അച്ചു സ്റ്റോഴ്സ് | 2018-19 |
| 3 | മിശിഖാദാസ് | ജോയ് ടിംബേഴ്സ് | 2018-19 |
| 4 | സുരേന്ദ്രൻ | ശിവശക്തി സ്റ്റോർ | 2015-16 |
| 5 | മുഹമ്മദ് ഷാഫി | ന്യൂൺ ടെക്സ്റ്റയിൽസ് | 2017-18 |
| 6 | അമ്പിളി | മകയിരം സ്റ്റോഴ്സ് | 2012-13 |
| 7 | ശശിധരൻ | ഫ്രൂട്ട്സ് സ്റ്റാൾ | 2018-19 |
| 8 | പ്രവീൺകുമാർ | തമ്പുരാൻ ബേക്കറി & കൂൾബാർ | 2017-18 |

| | | | |
|---|---|---|---|
| 9 | രതീഷ്. ഒ. ആർ | ആർ. ആർ മൊബൈൽസ് | 2018-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) പ്രസ്തുത സ്ഥാപനങ്ങൾ 2022-2023 വർഷം ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മുൻവർഷങ്ങളിലെ ഫീസ് കൂടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 (1) ലൈസൻസ് കൂടാതെ ഏത് ആവശ്യത്തിനും സ്ഥലം ഉപയോഗിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗം കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-3 നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല

1996- ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18,19, പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ച് മെഷീൻ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | പി എസ് സരിലാൽ | ഏറോപ്രിസിഷൻ | 25 HP | 0 | 300* | 300 |
| 2 | എൽ വിജയൻ | വി കെ ആമ്പാടി സർവ്വീസ് സ്റ്റേഷൻ | 13 HP | 0 | 200 | 200 |

*പ്രസ്തുത സ്ഥാപനത്തിന് 5 വർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിനാൽ, 300*5= 1500 രൂപ മെഷീൻ ഫീസ് ഇനത്തിൽ ഈടാക്കേണ്ടതാണ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) പ്രസ്തുത സ്ഥാപനങ്ങൾ 2022-2023 വർഷം ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മുൻവർഷങ്ങളിലെ മെഷീൻ ഫീസ് കൂടി ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-4 റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ എണ്ണം, ആയതിൽ ലൈസൻസ് എടുക്കാത്തതിന്റെ എണ്ണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) റേഷൻ കടകളുടെ എണ്ണം നിലവിൽ ലഭ്യമല്ലായെന്നും ആയത് പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും FATEAOS ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി, ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13-5 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ (പി).നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017 വിജ്ഞാപനം) പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ, പഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഫീസ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | സേവന മേഖലയിൽ ഈടാക്കാവുന്ന പരമാവധി തുക | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | അനന്താനികേതൻ ആയുർ റിസോർട്ട് | 585.15 ലക്ഷം | 15000 | 4000 |
| 2 | ജോയ്സ് ബീച്ച് റിസോർട്ട് | 20.5600 ലക്ഷം | 15000 | 8000 |
| 3 | നിക്കീസ് റെസ്റ്റോറന്റ് | 472.90 ലക്ഷം | 10000 | 4000 |
| 4 | അഗസ്ത്യാ ആയുർവേദ ഗാർഡൻ | 65.50 ലക്ഷം | 5000 | 500 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) ലഭ്യമാക്കിയ മറുപടിയിൽ ഇത്തരത്തിലുള്ള അപാകത വരാതെ നിയമാനുസൃത ഫീസ് ഈടാക്കുകയും, പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-6 അപേക്ഷകളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല

1. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2020-2021 വർഷം ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ, ലൈസൻസിന് ഫീസ് ഈടാക്കിയതിന്റെയോ, ലൈസൻസ് അനുവദിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ഉദാഹരണമായി,

- സെക്രട്ടറി അപേക്ഷ അംഗീകരിച്ചിട്ടും ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുകയോ, അപേക്ഷ ലൈസൻസ് രജിസ്റ്ററിൽ ചേർക്കുകയോ, അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന് കാരണമോ വ്യക്തമാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷ നമ്പർ | വാർഡ് ക്ലാർക്കിന്റെ റിപ്പോർട്ട് പ്രകാരം ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 8/ 287 | ഡോ. ജി. സദാനന്ദൻ | എസ് എസ് ആയുർവേദ ഫാർമസി | B4-918/ 21 22.01.2021 | ലഭ്യമല്ല |
| 2 | 18/408 | വിപിൻകുമാർ | മാലൂസ് കിച്ചൺ | B4- 1361/ 21 04.02.2021 | 1110/- |
| 3 | 12/485 | സന്തോഷ് കുമാർ. എൻ | സന്തോഷ് സ്റ്റോഴ്സ് | B4-6743/20 01.10.2020 | 1110/- |
| 4 | 12/484 | വി സുരേഷ് കുമാർ | അപ്പൂസ് ബേക്കറി | B4-6574/20 25.09.20 | 1110/- |

| | | | | | |
|---|---|---|---|---|---|
| 5 | 11/42 | എം.എസ് റാം | നിരാമയ ലോൺട്രി | B4-1964/20 07.03.2020 | |
| 6 | 14/188 | എസ്. വി. ഷീബകുമാരി | മഹാത്മ കുടുംബശ്രീ | B4-3567/20 01.06.2020 | 1110/- |
| 7 | 11/326A | മഹേന്ദ്രൻ | കൃഷ്ണാ ഫാഷൻ ഗാർമെന്റ്സ് | B4-1691/20 28.02.2020 | 1210/- |
| 8 | 12/ 477B | നവോജ്. എസ്. ആർ | എസ് ആർ എൻ ഫിഷ് & മീറ്റ് കോർണർ | B4-7054/20 08.10.2020 | ലഭ്യമല്ല |
| 9 | 8/ 204, 205 | സിന്ധു | മൈ ചപ്പാത്ത് റെസ്റ്റോറന്റ് | B4-7053/20 08.10.2020 | ലഭ്യമല്ല |

2020-21 ൽ അപേക്ഷ പഞ്ചായത്തിൽ നൽകിയിട്ടും കോവിഡ് മഹാമാരി കാരണം അപേക്ഷകൻ പഞ്ചായത്തിൽ എത്തിയിരുന്നില്ലായെന്നും ഫോൺ സന്ദേശം മുഖേന വിവരം അറിയിച്ചിരുന്നെങ്കിലും കട തുറക്കുന്നില്ലായെന്ന മറുപടിയാണ് ലഭിച്ചിരുന്നതെന്നും ആയത് കാരണമാണ് അപേക്ഷ അംഗീകരിച്ചിട്ടും ലൈസൻസ് അനുവദിക്കുവാൻ കഴിയാത്തതെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) മറുപടിയായി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്ന കടകൾക്ക് ലോക്ക്ഡൗൺ സമയത്തും തുറന്ന് പ്രവർത്തിക്കുവാനുള്ള അനുമതി നൽകിയിരുന്നു. എന്നിട്ടും ഇത്തരം അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്ന കടകൾ ഉൾപ്പെടെയുള്ളവയ്ക്കും ലൈസൻസ് അനുവദിച്ചിട്ടില്ല. കൂടാതെ, അപേക്ഷ സെക്രട്ടറി അംഗീകരിച്ചിട്ടും ലൈസൻസ് ഫീസ് അടവാക്കുന്നതിന് രേഖാമൂലം അപേക്ഷകന് കത്ത് നൽകിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷമിക്കുന്നു.

. ചുവടെ ചേർക്കുന്ന അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | കെട്ടിട നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷ നമ്പർ |
|---|---|---|---|---|
| 1 | 8/427 A | അജിത്ത് എ | ശാസ്താ മാർക്കറ്റിംഗ് | B4-7103/2020 09/10/2020 |
| 2 | 1/100 A | റ്റി രാജേന്ദ്രൻ | ഇമ്മാനുവൽ ഫർണിച്ചർ ഇൻഡസ്ട്രീസ് | B4-3418/2020 27/05/2020 |
| 3 | 7/112 A | ആന്റണി രാജ് | അരുമ്പൂർ ബിരിയാണി കട | B4-2067/2020 12/03/2020 |
| 4 | 11/551-554 | ഡോ.സോണി,ജെ.പി | ആയുർവേദിക് റെസ്റ്റോറന്റ് | B4-3109/2020 18/05/2020 |
| 5 | 8/415 A | താമര എ | ശ്രീമുരുക പിക്കിൾ യൂണിറ്റ് | B4-2225/2020 16/03/2020 |
| 6 | 1/157 | ചന്ദ്രൻ റ്റി | ലക്ഷ്മി വുഡ് ഫർണിച്ചർ & കടമ്പിൽ | B4-5176/2020 10/07/2020 |
| 7 | 1/ 160 | കവിത ചന്ദ്രൻ | വിനായക സ്റ്റീൽവുഡ് ഫർണിച്ചർ | B4-6878/2020 |

| | | | | |
|---|---|---|---|---|
| | | | | 05/10/2020 |
| 8 | 19/347, 348, 349 | രേഷ്മ എ | രാഖി ബേക്കറി | B4-3999/2020 10/06/2020 |
| 9 | 19/349 A | മഹേഷ് | രാഖി ഫുഡ് പ്രോഡക്ട്സ് | B4-3998/2020 10/06/2020 |
| 10 | 19/112 A | ഷീല എസ് | ബെസ്റ്റ് ബേക്കറി | B4-3955/2020 09/06/2020 |
| 11 | 3/263 A | സുനിൽ | ഡി എൻ എ ഫുഡ് പ്രോഡക്ട്സ് | B4-1700/2020 28/02/2020 |
| 12 | 19/326 | പി ഫ്രാൻസിസ് | പൊന്നൂസ് ചിക്കൻ സ്റ്റാൾ | B4-1518/2020 22/02/2020 |
| 13 | 3/474 D | സന്തോഷ്കുമാർ | അത്ഭുത മാതാ ഫർണിച്ചർ | B4-2640/2020 30/04/2020 |
| 14 | 11/2032 | തങ്കപ്പൻ കെ എൽ | ആഴിമല ഹാന്റി ക്രാഫ്റ്റ് | B4-1683/2020 25/02/2020 |
| 15 | 12/267 D | രാജേഷ് ഡി | ഭഗവാൻ ആട്ടോ ഇലക്ട്രിക്കൽ | B4-3172/2020 20/05/2020 |
| 16 | 9/5 | ജോളി വൈ | ഫാത്തിമാത എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് | B4-7619/2020 30/10/2020 |
| 17 | 8/179 | ഉദയകുമാർ ആർ | ജ്യോതിഷ് ഫ്ളവർ മിൽ | B4-5785/2020 21/08/2020 |
| 18 | 12/- | മുഹമ്മദ് അഷറഫ് എം | ലീലെസീഷോ ബേക്കറി | B4-3666/2020 03/06/2020 |
| 19 | 8/486 A | മുസാഫർ അഹമ്മദ് | ദി ട്രാവൻകോർ ഹെറിറ്റേജ് ഹാന്റിക്രാഫ്റ്റ് ഷോപ്പ് | B4-1511/2020 24/02/2020 |
| 20 | 19/26 | രജീവ് കുമാർ വി.എസ് | രജീവ് ഫുഡ് പ്രോഡക്ട്സ് | B4-5295/2020 17/07/2020 |

മേൽ അപേക്ഷകളിന്മേൽ ലൈസൻസ് വേണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകർ പഞ്ചായത്തിനെ സമീപിക്കാത്തതിനാലും കെട്ടിട നികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കേണ്ടതാണെന്ന് വിളിച്ച് അറിയിച്ചിട്ടും ആരും തന്നെ വരാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിരുന്നില്ലായെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/09.03.2022) മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് അനുവദിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലപരിശോധന നടത്തി അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടും സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 മാർക്കറ്റ് ലേലം- അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ മാർക്കറ്റ് ലേലം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം മാർക്കറ്റ് വാടക ഇനത്തിൽ 76000/- (Current), 310196/- (Arrear) എന്നിങ്ങനെ ആകെ 386196/- രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.

2020-21-ലെ ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയും വിധം മാർക്കറ്റ് ലേലത്തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | മാർക്കറ്റ് | പേര് | ലേലത്തുക | ഒടുക്കിയത് | ഒടുക്കാനുള്ളത് (ജി എസ് ടി ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | ഉച്ചക്കട ചന്ത | ചന്ദ്രൻ, മുള്ളുവിള, മേക്കരിക് വീട്, സിസിലിപുരം, വെങ്ങാനൂർ പി ഒ | 128000/- | 40000/- | 111040/- (25.11.20-ലെ എ1/1533/18) |
| 2 | അവണാകുഴി ചന്ത | ദിനേഷ്കുമാർ,അവണാകുഴി, താന്നിമൂട് | 23000/- | ലഭ്യമല്ല* | ലഭ്യമല്ല |
| 3 | വേങ്ങപ്പൊറ്റ ചന്ത | ജയപ്രകാശ്, ജെ.പി നിവാസ്, വേങ്ങപ്പൊറ്റ, കഴിവൂർ പി ഒ | 6500/- | ലഭ്യമല്ല | ലഭ്യമല്ല |

അവണാകുഴി ചന്ത, വേങ്ങപ്പൊറ്റ ചന്ത എന്നിവയുടെ തുക ഒടുക്കു വിവരങ്ങൾ, ലേലം സംബന്ധിച്ച വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ നിന്നും ലഭ്യമായില്ല.

- 2020-21 വർഷത്തെ ലേലം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- തൻവർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/ 11.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന ലേലത്തുകകൾ പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശിക തുക പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്. തനതു വരുമാനത്തിന്റെ ചോർച്ചയുണ്ടാകുന്ന മേൽ സാഹചര്യം ഒഴിവാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-15 ഷോപ്പിംഗ് കോപ്ലക്സ് വാടക- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക വരവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- എ.എഫ്.എസ് പ്രകാരം ഷോപ്പിംഗ് കോപ്ലക്സ് വാടക ഇനത്തിൽ 91059/- (Current), 350185/- (Arrear) എന്നിങ്ങനെ ആകെ 441244- രൂപ കുടിശ്ശിക നിലനിൽക്കുന്നു.
- ഉച്ചക്കട ഷോപ്പിംഗ് കോപ്ലക്സ്, മാർക്കറ്റ് ബിൽഡിംഗ് എന്നിവയിലെ കടമുറികൾ ലേലത്തിന് നൽകിയവരിൽ

നിന്നും സോൾവെൻസി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

- സ.ഉ (സാധാ) 1278/2020/തസ്വഭവ, തീയതി 29/06/2020 പ്രകാരം ഉച്ചക്കട ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാംനമ്പർ കടമുറി, മാർക്കറ്റ് ബിൽഡിംഗിലെ 2-ാം നമ്പർ കടമുറി എന്നിവ ഒഴികെയുള്ള മുഴുവൻ കടമുറികൾക്കും വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല/ അടഞ്ഞുകിടന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം വാടക ഒഴിവാക്കി നൽകിയവരിൽ നിന്നും ലഭിച്ച അപേക്ഷയും സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.
- സ ഉ (സാധാ) നം.802/2020/തസ്വഭവ, തീയതി 29.04.2020 പ്രകാരം വാടക ഇളവ് 05/06/2020 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ചുവടെ ചേർക്കുന്ന കടമുറികൾക്ക് 2020 ഒക്ടോബർ വരെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം. | റൂം നം. | പേര് | റിമാർക്സ് |
|---|---|---|---|
| 1 | III/213A | സത്യൻ, ചാരുവിള വീട്, കോട്ടുകാൽ പി ഒ | 06/10/2020-ലെ 9(1)-ാം നമ്പർ തീരുമാനം പ്രകാരം |
| 2 | III/213B | രത്നാകരൻ, വലിയവിള വീട്, വെങ്ങാനൂർ | 06/10/2020-ലെ 9(1)-ാം നമ്പർ തീരുമാനം പ്രകാരം |
| 3 | III/213E | ബാൽരാജ്, കുന്നപ്ലാവിള, പയറ്റുവിള, പുലിക്കോട്, ഉച്ചക്കട പി ഒ | ലഭ്യമല്ല |
| 4 | III | അബ്ദുൾ കരീം മൺസൂർ, അമ്പാട് വീട്, പയറ്റുവിള പി ഒ | ലഭ്യമല്ല |
| 5 | III/213D | രമണിഭായി, ജോയ് ഭവൻ, ഉച്ചക്കട, പയറ്റുവിള പി.ഒ | ലഭ്യമല്ല |

- രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം. | റൂം നം. | പേര് | കുടിശ്ശിക കാലയളവ് | ഈടാക്കേണ്ട തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | I | പ്രസന്നൻ, അശ്വതി ഭവൻ, കഞ്ചുക്കോണം, താന്നിമൂട് | 01/21- 03/21 | 1866/- | വാടക രജിസ്റ്റർ പ്രകാരം |
| 2 | III/213 D | രമണീഭായി, ജോയ് ഭവൻ, ഉച്ചക്കട, പയറ്റുവിള പി ഒ | 2017-18, 2018-19, 2019-20, 06/20-12/20 | 33013/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| | | | 1/21- 3/21 | 2481/- + PI | വാടക രജിസ്റ്റർ പ്രകാരം |
| 3 | III/213 C | അജിത്ത്, മാങ്കസൂയം, ഉച്ചക്കട പി ഒ | 06/20-12/20 | 10143/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| | | | 1/21- 3/21 | 4131/- + PI | വാടക രജിസ്റ്റർ പ്രകാരം |
| 4 | III/213 F | ശശിധരൻ സി, പുലിവിള, ഉച്ചക്കട, പയറ്റുവിള പി ഒ | 06/20-12/20 | 3066/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| | | | 1/21- 3/21 | 1245/- + PI | വാടക രജിസ്റ്റർ പ്രകാരം |

| | | | | | |
|---|---|---|---|---|---|
| 5 | III/213 E | ബാൽരാജ്, കുന്നപ്ലാവിള, പയറ്റുവിള, പുലിക്കോട്, ഉച്ചക്കട പി ഒ | 06/20-12/20 | 8680/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| | | | 1/21- 3/21 | 1308/- + PI | വാടക രജിസ്റ്റർ പ്രകാരം |
| 6 | III | അബ്ദുൾ കരീം മൺസൂർ, അമ്പാട് വീട്, പയറ്റുവിള പി ഒ | 03/2020 06/20-12/20 | 58219/- | 04/12/2020-ലെ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/ 10.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വാടക കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്എ1/1717/20 നമ്പർ കത്ത് |
| | | | 1/21- 3/21 | 20976/- + PI | വാടക രജിസ്റ്റർ പ്രകാരം |
| 7 | III/214 | രാജമ്മ, മുക്കുവൻകുഴി, മുക്കോല, വെങ്ങനൂർ പി ഒ | 2014-15 2015-16 | 6659/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| 8 | IX | മാഹീൻ, നെല്ലിപ്പറമ്പ് വീട്, പുലിയൂർക്കോണം | 2016-17 | 4181/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| 9 | III/213 H | മാഹീൻ, നെല്ലിപ്പറമ്പ് വീട്, പുലിയൂർക്കോണം | 2016-17 | 5632/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| 10 | X | സബീന,നെല്ലിപ്പറമ്പ്, തേരിവിള പുത്തൻ | 2016-17 | 3826/- | 04/12/2020-ലെ എ1/1717/20 നമ്പർ കത്ത് |
| | | വീട്, പുലിയൂർക്കോണം, പയറ്റുവിള | | | |
| 11 | IX | മാഹീൻ, നെല്ലിപ്പറമ്പ് വീട്, പുലിയൂർക്കോണം | 03/20 06/20-12/20 | 14889/- | 04/12/2020-ലെ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/ 10.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വാടക കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്എ1/1717/20 നമ്പർ കത്ത് |
| | | | 01/21- 03/21 | 6069/- + PI | വാടക രജിസ്റ്റർ പ്രകാരം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/ 10.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വാടക കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ട്യൂട്ടോറിയൽ-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അപാകതകൾ

- 2020-21 സാമ്പത്തിക വർഷം ഫോക്കസ് ട്യൂഷൻ സെന്റർ എന്ന ട്യൂട്ടോറിയൽ സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. എന്നാൽ, സ്ഥാപന ഉടമയിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല.
- പി.റ്റി.എം കോളേജ് ഓഫ് ആർട്ട്സ് ആൻഡ് സയൻസ് എന്ന സ്ഥാപനത്തിന് 2020-21 വർഷത്തെ രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.
- ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. എന്നാൽ, സ്ഥാപന ഉടമയിൽ നിന്നും രജിസ്ട്രേഷൻ ഫീസ്

  ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | 11/45 | എം എസ് റാം | നിരാമയ സ്പാ | 50 |
| 2 | 11/48 | ജി എം, നിരാമയ | നിരാമയ റിട്രീറ്റ്സ് | 50 |
| 3 | 11/520 B | ബേബി മാത്യൂ | സോമതീരം ആയുർവേദിക് ബീച്ച് റിസോർട്ട് | 50 |
| 4 | 11/461 | ബേബി മാത്യൂ | സോമതീരം ആയുർവേദിക് ബീച്ച് റിസോർട്ട് | 50 |
| 5 | 11/517 | ബേബി മാത്യൂ | സോമതീരം ആയുർവേദിക് ബീച്ച് റിസോർട്ട് | 50 |
| 6 | 8/20 B | ഡോ.കുസുമം കുര്യൻ | മര്യനിലയം ആശുപത്രി | 50 |
| 7 | 11/199 | സുനിൽ സി എസ് | ഐഡിയൽ ആയുവേദിക് റിസോർട്ട് | 50 |
| 8 | 11/593 | സുനു സി എസ് | ന്യൂ ഐഡിയൽ പഞ്ചകർമ്മ സെന്റർ | 50 |
| 9 | 8/508 | പ്രിയമോൾ | ആനന്ദം ആയുർവേദ സെന്റർ | 50 |
| 10 | 17/566 E | ജി രാജു | ആത്രേയം ആയുർവേദ സെന്റർ | 50 |
| 11 | 8/20 A | ഡോ.കുസുമം കുര്യൻ | മര്യനിലയം ആശുപത്രി | 50 |
| 12 | 8/512 A | ശബരിനാഥ് ആർ റ്റി | ഷിൻഷീവാ ആയുർവേദിക് റിസോർട്ട് | 50 |

| | | | | |
|---|---|---|---|---|
| 13 | 11/242 | മാനേജർ | അഗസ്ത്യാ ആയുർവേദ ഗാർഡൻ | 50 |
| 14 | 19/65 A | ഡോ.മോഹനകുമാർ | സിന്ദുജ ഹോസ്പിറ്റൽ | 50 |
| 15 | 11/279 | മറിയാജേക്കബ് | നിക്കീസ് നെസ്റ്റ് | 50 |
| 16 | 11/672 | ഡോ.സതീഷ് | ഏസ്തെറ്റിക് ഡെന്റൽ കെയർ | 50 |
| 17 | 11/863 | എം ഡി | സോമതീരം ആയുർവേദിക് ഹോസ്പിറ്റൽ & യോഗ സെന്റർ | 50 |
| | | | ആകെ | 850 |

- 2019-20 സാമ്പത്തിക വർഷം 20 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം 17 സ്ഥാപനങ്ങൾക്ക് മാത്രമെ ലൈസൻസ് നൽകിയിട്ടുള്ളൂ.
- 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 11/679 D | ഡോ.നമിത രാമകൃഷ്ണൻ | സ്മൈൽ സ്പാ ഡെന്റൽ ക്ലിനിക്ക് |
| 2 | 19/ 66 D | പ്രിയ എസ് എസ് | കാർത്തിക ക്ലിനിക്കൽ ലാബ് |
| 3 | 8/ 114 E | സെക്രട്ടറി, കോട്ടുകാൽ സർവ്വീസ് സഹകരണ ബാങ്ക് | കെ എസ് സി ഒ ഹൈൻഡ് കെയർ ലാബ് |
| 4 | 10/- | റിയാസ് അഹമ്മദ് | ഹാർമോണിയ ആയുർവേദ മസാജ് സെന്റർ |
| 5 | 8/556 M | രാധാകൃഷ്ണൻ എൻ കെ | ആനന്ദലക്ഷ്മി ആയുർവേദ റിട്രീറ്റ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/09.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് നൽകുമ്പോൾ ട്യൂട്ടോറിയൽ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉൾപ്പെടെ പുതുക്കി നൽകുന്നതിനും, ആയതിന്റെ ഫീസ് കൂടെ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. രജിസ്ട്രേഷൻ തുക സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വൃദ്ധർക്ക് കട്ടിൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ- 11/2020

പ്രോജക്ടിന്റെ പേര്- വൃദ്ധർക്ക് കട്ടിൽ നൽകൽ

അടങ്കൽ- 991800/-

ചെലവ്- 826401/- (പൊതു വിഭാഗം സാധാരണ വിഹിതം)

ബിൽ നം. 03/2020- 13.10.2020, തുക 434948/-

04/2020- 30.03.2021, തുക 391453/-

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രസ്തുത പദ്ധതി പ്രകാരം 190 കട്ടിൽ സപ്ലൈ ചെയ്യുന്നതിന് ആർട്കോയ്ക്ക് 04/09/2020-ലെ A2-4186/2020 നമ്പർ കത്ത് നൽകിയിട്ടുണ്ട്. ആയത് അനുസരിച്ച് 30/09/20- ൽ 100 കട്ടിലും 13/10/2020- ൽ 90 കട്ടിലും സപ്ലൈ ചെയ്തതായി ബിൽ നൽകിയിട്ടുണ്ട്. എന്നാൽ, കട്ടിലുകൾ സ്റ്റോക്കിൽ എടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ വിവരങ്ങൾ ലഭ്യമല്ല. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത് 2018-19 സാമ്പത്തിക വർഷത്തെ ആർട്കോയുമായുള്ള കരാറും ഗുണഭോക്തൃ പട്ടികയുമാണ്. 111 അപേക്ഷകളിൽ മാത്രമേ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുള്ളൂ. 14-ാം വാർഡിലെ അപേക്ഷയോടൊപ്പം 2018-19 സാമ്പത്തിക വർഷത്തെ കൈപ്പറ്റ് രസീതുകളാണ് ഹാജരാക്കിയിട്ടുള്ളത്.

ആർട്കോയെ അംഗീകൃത ഏജൻസിയായി അംഗീകരിച്ച സർക്കാർ തീരുമാനം/ കമ്മിറ്റി തീരുമാനം, ബാക്കി കൈപ്പറ്റ് രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ് 2020-21 സാമ്പത്തിക വർഷം ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ, 2018-19 സാമ്പത്തിക വർഷത്തെ കമ്മിറ്റി തീരുമാനവും ഗുണഭോക്തൃ ലിസ്റ്റും ആധാരമാക്കി 2020-21 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് നടപ്പിലാക്കിയതിന് കാരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/15.03.2022) തൻവർഷം ഗ്രാമസഭകൾ കൂടാത്തതിനാലും, മുൻവർഷത്തെ മുഴുവൻ ഗുണഭോക്താക്കൾക്കും കട്ടിൽ നൽകാത്തതിനാലും മുൻവർഷം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ ലിസ്റ്റ് പ്രകാരമുള്ള ക്രമവും യോഗ്യത മാനദണ്ഡവുമനുസരിച്ചാണ് 2020-2021 ൽ വിതരണം നടത്തിയതെന്ന് അറിയിച്ചു.

05/02/2020- ലെ GO (Rt) No. 7/2020/SPD പ്രകാരം പർച്ചേയ്സ് സമയത്ത് ARTCO Managing Director- ൽ നിന്നും വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനം ARTCO- ൽ തന്നെ ഉണ്ടാക്കിയതാണെന്നും പുറത്ത് നിന്നും വാങ്ങിയതല്ലായെന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ, ഇപ്രകാരം സർട്ടിഫിക്കറ്റ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഒരേ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് പ്രസ്തുത പദ്ധതിയ്ക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. മുൻവർഷം നൽകിയ ഗുണഭോക്താക്കൾക്ക് തൻവർഷവും ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം- കമ്മിറ്റി തീരുമാനിച്ചതിനേക്കാൾ അധികം തുക നൽകി-30,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ- SO 62/20

പ്രോജക്ടിന്റെ പേര് - ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം

അടങ്കൽ- 500000/-
നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ്- 326633/- (തനത് ഫണ്ട്)

ചെക്ക് നമ്പർ-

1. 2675669/ 17.09.2020- 51000/-
2. 9333/ 23.07.2020- 88413/-
3. 1632548/ 22.03.2021- 110720/-
4. 1632533/ 05.01.2021- 76500/-
5. 17-87/ 16.04.2020- 10450/-

06.07.2019- ലെ 6/1-ാം നമ്പർ തീരുമാനം പ്രകാരം ബഡ്സ് സ്കൂളിലെ അസിസ്റ്റന്റ് ടീച്ചർ നിയമനത്തിന് 12000/- രൂപയും, ആയ/ഹെൽപ്പർ- ന് 6000/- രൂപയും, കുക്ക്-ന് 5000/- രൂപയും നിശ്ചയിച്ച് തീരുമാനിച്ചു. 15/07/2019- ൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുകയും 13/08/2019- ലെ 17/1-ാം നമ്പർ തീരുമാനം പ്രകാരം നിയമനം നടത്തിയിട്ടുമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് ടീച്ചർ- ശ്രീലേഖ, ചരുവിള വീട്, തെങ്കവിള
2. ആയ/ഹെൽപ്പർ- സരിത, ചാമവിള പുത്തൻവീട്, മണ്ണക്കല്ല്, നെല്ലിമൂട്
3. കുക്ക്- ബീന. സി, എസ്.ബി.ആർ നിവാസ്, കുഴിയാംവിള, പയറ്റുവിള

എന്നാൽ, കമ്മിറ്റി തീരുമാനത്തിന് എതിരായി ആയ/ഹെൽപ്പർ- ന് 7500/- രൂപയും, കുക്ക്-ന് 6000/- രൂപയും നൽകിയിട്ടുണ്ട്.

| മാസം | കമ്മിറ്റി തീരുമാനം/ പദ്ധതി മാർഗ്ഗരേഖ | നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|

| | പ്രകാരം നൽകേണ്ട തുക | | | | | |
|---|---|---|---|---|---|---|
| | ആയ/ഹെൽപ്പർ | കുക്ക് | ആയ/ഹെൽപ്പർ | കുക്ക് | ആയ/ഹെൽപ്പർ | കുക്ക് |
| ഏപ്രിൽ | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| മെയ് | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ജൂൺ | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ജൂലായ് | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ആഗസ്റ്റ് | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| സെപ്റ്റംബർ | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ഒക്ടോബർ | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| നവംബർ | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ഡിസംബർ | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ജനുവരി | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| ഫെബ്രുവരി | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| മാർച്ച് | 6000/- | 5000/- | 7500/- | 6000/- | 1500/- | 1000/- |
| | | | | ആകെ | 18000/- | 12000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20/ 16.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനിച്ച നിരക്കിനേക്കാൾ അധികമായി ചെലവ് ചെയ്ത തുക (30000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-19 ആർദ്രം ജീവനക്കാരുടെ വേതനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ – 29/20

പ്രോജക്ടിന്റെ പേര്- ആർദ്രം ജീവനക്കാരുടെ വേതനം.

അടങ്കൽ – 1267500/-

ചെലവ് - 1214326/-

നിർവ്വഹണം – (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.)

എച്ച്.എം.സി ലാബ് ടെക്നീഷ്യനും, ലാബ് അറ്റൻഡർക്കും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

| മാസം | നൽകിയ തുക | | ചെക്ക് നമ്പർ |
|---|---|---|---|
| | ലാബ് ടെക്നീഷ്യൻ | ലാബ് അറ്റെൻഡർ | |
| ഏപ്രിൽ | ലഭ്യമല്ല | ലഭ്യമല്ല | 2204695/ 05.05.20 |

| | | | |
|---|---|---|---|
| മെയ് | ലഭ്യമല്ല | ലഭ്യമല്ല | 2204698/ 08.06.20 |
| ജൂൺ | 13000/- | 7800/- | 9643/ 03.08.20 |
| ജൂലായ് | 14000/- | 8700/- | 9643/ 03.08.20 |
| ആഗസ്റ്റ് | 13500 + 1210/- | 7200 + 1210/- | 2675668/ 03.09.20 |
| സെപ്തംബർ | 13500/- | 7800/- | 1632522/ 01.10.20 |
| ഒക്ടോബർ | 13500/- | 7800/- | 10152/ 04.11.20 |
| നവംബർ | 12000/- | 7500/- | 1632525/ 01.12.20 |
| ഡിസംബർ | 14000/- | 8400/- | 1632527/ 05.01.21 |
| ജനവരി | 14000/- | 8400/- | 1632540/ 22.02.21 |
| ഫെബ്രുവരി | 12500/- | 7500/- | 11332/ 01.03.21 |
| മാർച്ച് | 13500/- | 6300/- | 11421/ 31.03.21 |

ഓണറേറിയം നൽകാൻ എച്ച്.എം.സി ശുപാർശ ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ, ആയത് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഓണറേറിയം നൽകാൻ തീരുമാനിച്ച കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 23/ 16.03.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യം രൂക്ഷമായ സാഹചര്യത്തിൽ എച്ച്.എം.സി യിൽ നിന്നുള്ള വരുമാനം കുറയുകയും ജീവനക്കാർക്ക് വേതനം നൽകാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തിപ്പെടുകയും ചെയ്തുവെന്നും, ടി സമയത്ത് പഞ്ചായത്ത് അധികൃതരുടെ ആർദ്രം പ്രോജക്ട് റിവൈസ് ചെയ്ത് ടി ജീവനക്കാരെ പ്രോജക്ടിൽ ഉൾപ്പെടുത്തുകയുമുണ്ടായിയെന്നും അറിയിച്ചു. കൂടാതെ, പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം ടി ജീവനക്കാരെ പിരിച്ചുവിടുകയും പുതിയ ജീവനക്കാരെ പ്രോജക്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എച്ച് എം സി ജീവനക്കാരുടെ വേതനം എച്ച്.എം.സി ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്നിരിക്കെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പോലും എടുക്കാതെ എച്ച്.എം.സി ജീവനക്കാർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകി വരികയാണ് ചെയ്യുന്നത്. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, മേൽ ചെലവ് സാധൂകരിക്കുന്ന എച്ച്.എം.സി തീരുമാനം, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 4,53,037/- രൂപ തടസ്സപ്പെടുത്തുന്നു

(എ) പ്രോജക്ടിന്റെ പേര് - ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗും
പ്രോജക്ട് നം. 4

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1000000( ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ് - 392618 ( Bill No 2/15.06.20 Rs 24010/-

Bill No 16/4.03.21 Rs 44678/-

Bill No 17/4.03.21 Rs 23156/-

Bill No 27/18.03.21 Rs 7389/-

Bill No 29/18.03.21 Rs 9640/-

Bill No 39/25.03.21 Rs 9340/-

Bill No 40/25.03.21 Rs 6897/-

Bill No 41/25.03.21 Rs 20506/-

Bill No 42/25.03.21 Rs 17928/-

Bill No 43/25.03.21 Rs 6520/-

Bill No 45/29.03.21 Rs 11800/-

Bill No 46/29.03.21 Rs 5569/-

Bill No 49/30.03.21 Rs 75165/-

Bill No 50/30.03.21 Rs 8716/-

Bill No 51/30.03.21 Rs 95934/-

Bill No 52/30.03.21 Rs 25370/-

പ്രോജക്ട് പ്രകാരം ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്/ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവർത്തിയ്ക്കായി ബിൽ നം 2 പ്രകാരം കാഞ്ഞിരംകുളം കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 24010/- രൂപയുടെ ചെലവിനാധാരമായ കമ്മിറ്റി തീരുമാനം, കെ.എസ്.ഇ.ബിയ്ക്ക് പഞ്ചായത്തിൽ നിന്നും നൽകിയ അപേക്ഷ, കെ.എസ് ഇ ബി യിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ്, എസ്റ്റിമേറ്റ്, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(ബി) പ്രോജക്ടിന്റെ പേര് - പോസ്റ്റ് ഷിഫ്റ്റിംഗ്
പ്രോജക്ട് നം. – 201

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 67146 ( ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ് - 60419 ( E- Bill Book Bill No 2/11.04.20)

പ്രോജക്ട് പ്രകാരം കെ.എസ്. ഇ .ബി യ്ക്ക് പോസ്റ്റ് ഷിഫ്റ്റിംഗിനായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി (ഓഡിറ്റ് അന്വേഷണം നം 25/ 17.03.2022)_ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 4,53,037/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 19 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പ്രോജക്ടിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല -1738288/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 14/21 തെരുവുവിളക്ക് മെയിന്റനൻസ്

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ -11,00,000 (സി എഫ് സി )

8,00,000 ( തനത് ഫണ്ട് )

ചെലവ് -17,38,288

97134 ( ബിൽ നം 4/30.07.20)

487487 ( ബിൽ നം 6/07.08.20)

414898 (ബിൽ നം 12/24.11.20)

100481 (ബിൽ നം 30/25.03.21)

575678 ( ചെക്ക് നം 11397/25.03.21)

62610 ( ചെക്ക് നം 62610 )

തെരുവുവിളക്ക് മെയിന്റനൻസ് എന്ന പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ (അച്ചടി) 524/2015/ധനം 17.11.15 പ്രകാരം എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും അഞ്ച് ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവർത്തികൾക്കും ഇ-ടെണ്ടർ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 19ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച മേൽ പ്രോജക്ടിന്റെ നിർവഹണത്തിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.05.2020 ലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ മുഴുവൻ വഴിവിളക്കുകളും അടിയന്തിരമായി മെയിന്റൻസ് നടത്തേണ്ടതുള്ളതിനാൽ ടെണ്ടർ നടപടികളിലേയ്ക്ക് പോകുന്നതിന് കാലതാമസം നേരിടുമെന്നും ആയതിനാൽ കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 2019-20 വർഷം മെയിന്റൻസ് നടത്തിയ തുകയേക്കാൾ 5ശതമാനം കൂടി അധികമായി നൽകിയ എഗ്രിമെന്റ് പുതുക്കുന്നതിനും തെരുവുവിളക്ക് മെയിന്റൻസ് പ്രവർത്തികളുടെ എഗ്രിമെന്റ് വയ്പ്പിച്ച് തുടർനടപടി സ്വീകരിക്കാൻ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. പ്രോജക്ട് തുക 5 ലക്ഷം രൂപയിൽ അധികരിക്കുന്നതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുമാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളു എന്ന് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇ- ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് പ്രോജക്ട് നിർവഹണം നടത്തിയിരിക്കുന്നത് . ഭരണസമിതി തീരുമാനപ്രകാരം ശ്രീ. പ്രതീഷ് എന്ന വ്യക്തിയ്ക്കാണ് ടെണ്ടർ നടപടികൾ ഒഴിവാക്കി തെരുവുവിളക്ക് മെയിന്റൻസിന് അനുമതി നൽകിയിരിക്കുന്നത്. പഞ്ചായത്തിലെ രേഖകൾ പ്രകാരവും ശ്രീ. പ്രതീഷിന്റെ 25.03.2020 ലെ കത്ത് പ്രകാരവും 2018-19 സാമ്പത്തിക വർഷം മുതൽ ടിയാന് തെരുവുവിളക്ക് മെയിന്റൻസ്ചെയ്യുന്നതിന് അനുമതി ലഭ്യമാക്കിയിരിക്കുന്നു. ഇപ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി പ്രോജക്ട് നിർവഹണം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായിരുന്നില്ല.

ഈ വിഷയം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (ഓ.റി വർഷം 2019-20 ഖണ്ഡിക 1-23, ഓഡിറ്റ് റിപ്പോർട്ട് വർഷം 2018-19 ഖണ്ഡിക 1.35) പരാമർശിച്ചിരുന്നുവെങ്കിലും അപാകത തൻവർഷവും ആവർത്തിച്ചിരിക്കുന്നു.

2007 ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും ) ചട്ടങ്ങൾ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനും നടപടിയ്ക്കും അതാത് സംഗതിപോലെ തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കും. കൂടാതെ ജി.ഒ (പി) നം 177/2006/ഫിൻ തീയതി 12.04.2006 പ്രകാരം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗത്തിൽ പൂർണ ഉത്തരവാദിത്തമുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി, എല്ലാ വർഷവും ലക്ഷങ്ങൾ ചെലവാക്കുന്ന ആവർത്തന പ്രോജക്ടായ തെരുവുവിളക്ക് പരിപാലനത്തിന് ടെണ്ടർ നടപടികൾ ഒഴിവാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവഹണം നടത്തിയ മേൽ പ്രവൃത്തിയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 17,38,288 രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(എ) കരാർ തുകയെക്കാൾ അധികം പ്രതിഫലം നൽകി</u>

19 ലക്ഷം രൂപയാണ് പദ്ധതി അടങ്കൽ നിശ്ചയിച്ചിരിക്കുന്നത്. ശ്രീ. പ്രതീഷ് എന്ന വ്യക്തി 15.05.2020 ൽ പഞ്ചായത്ത് സെക്രട്ടറിയുമായി ഉണ്ടാക്കിയ കരാറിൽ അടങ്കലായി രേഖപ്പെടുത്തിയിരിക്കുന്നത് 10 ലക്ഷം രൂപയാണ്. എന്നാൽ കരാർതുകയിൽ നിന്നും അധികം തുക (17,38,288/-രൂപ) ശ്രീ പ്രതീഷിന് തൻവർഷം നൽകിയിട്ടുണ്ട്.

<u>(ബി) സെക്യൂരിറ്റി ഡെപ്പോസിറ്റ് കുറവായി ഈടാക്കി</u>

സർക്കുലർ നം. 3055/ഡി എ 3 /2011 തസ്വഭവ തീയതി 15.09.2011 പ്രകാരം കരാർ തുകയുടെ 10ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 25,000/- രൂപ മാത്രമേ ഡെപ്പോസിറ്റായി അടവാക്കിയിട്ടുള്ളൂ.

<u>(സി) കെ.എസ്. ഇ.ബി നിരക്കിൽനിന്നും കുറവുവരുത്താതെ മുഴുവൻ തുകയും അനുവദിച്ചു</u>

പുതിയ ഡബിൾ ട്യൂബ് സെറ്റ് ഫിറ്റ് ചെയ്യുന്നതിന് കെ.എസ്.ഇ. ബി നിരക്ക് 334/- രൂപയാണ്. പ്രസ്തുത പ്രവൃത്തി ചെയ്തതിന് ശ്രീ. പ്രതീഷിന് യഥാക്രമം 28,390/- ( 17 വാർഡുകളിൽ 5 വീതം 17x5x334 ), 95,190 (9 വാർഡുകളിൽ 285 എണ്ണം @334) രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെ.എസ്.ഇ.ബി നിരക്കിൽ നിന്നും 10.5% കുറവ് വരുത്താതെ മുഴുവൻ തുകയും നൽകിയിരിക്കുന്നു

(ഡി) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

. തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്ററർ

.തെരുവുവിളക്ക് മെയിന്റൻസ് രജിസ്ററർ

. രജിസ്ററർ ഓഫ് അൺസർവീസബിൾ ഐറ്റംസ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല ( ഓഡിറ്റ് അന്വേഷണം നം 25 തീയതി 17.03.2022) . അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-22 തെരുവുവിളക്ക് പരിപാലനം - അപാകതകൾ

തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ 2020-21വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്<br>(സുലേഖ പ്രകാരം ) |
|---|---|---|---|---|
| 1 | 194/21<br>(സ്പിൽ ഓവർ) | തെരുവുവിളക്ക് വാങ്ങൽ | 58925<br>(സി.എഫ് സി ) | 58705 |
| 2 | 265/21<br>(സ്പിൽ ഓവർ) | തെരുവുവിളക്ക് വാങ്ങൽ | 353094<br>(സി.എഫ് സി ) | 353059 |
| 3 | 91/21 | തെരുവിളക്ക് വാങ്ങൽ | 200000<br>(സി.എഫ്.സി, തനത് ഫണ്ട്) | 1997823 |

*പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.*

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി. അധികൃതരുമായി സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തി ആവശ്യകതാ നിർണയം നടത്തിയല്ല പ്രോജക്ടിൽ അടങ്കൽ തുക വകയിരുത്തിയിട്ടുള്ളത്.

2. 2019-20 വർഷം പുതിയ എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി 11,74,967 /- രൂപ ചെലവഴിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് (2021-22) തെരുവുവിളക്കുകൾ വാങ്ങുന്നതിനായി മാത്രം 14,85,620/- രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ തെരുവു വിളക്കുകൾക്ക് മെയിന്റനൻസിനായും വലിയ തുക ചെലവിട്ടിട്ടുണ്ട്. എന്നാൽ പ്രോജക്ടുകൾക്കൾക്കായി ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ രേഖകൾ, പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ രജിസ്റ്റർ (വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവുമൊന്നും രേഖപ്പെടുത്തിയ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ ) എണ്ണം, അവയിൽ

ഉപയോഗശൂന്യമായത് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ എന്നിവ തയാറാക്കിയിട്ടില്ല.

3. 2020-21 ൽ നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ടെങ്കിലും വിതരണത്തിന്റെ അനുബന്ധരേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. വർഷം തോറും തെരുവുവിളക്കുമെയിന്റനൻസിനായി ഭീമമായ തുക ചെലവിടുന്നുണ്ടെങ്കിലും മെയിന്റനൻസ് കൃത്യമായി നടക്കുന്നില്ലായെന്ന് ഭരണസമിതി അഭിപ്രായപ്പെട്ടിരിക്കുന്നു ( 06.10.2020 ലെ ഭരണസമിതി തീരുമാനം ) . തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ പരാമർശവുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ ഹാജരാക്കിയെങ്കിലും 2020-21വർഷം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

5. പുതിയ ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ പഴയ ലൈറ്റുകളും, അനുബന്ധസാധനങ്ങളും തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്ത്, ലേലം ചെയ്ത് പഞ്ചായത്ത്ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/ 17.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ചെലവുരേഖകൾ ഹാജരാക്കിയില്ല- 156200/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 38/21 ആയുഷ് ആയുർവേദ അറ്റൻഡർ വേതനം

അടങ്കൽ - 200000(തനത് ഫണ്ട്)

ചെലവ് - 156200(സുലേഖ പത്രിക പ്രകാരം ) [TR59(E) -തനത് ഫണ്ട് റിക്വസിഷൻ നം. 5029407201200084]

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ആയുർവേദ ആശുപത്രിയിലെ അറ്റൻഡർക്ക് വേതനം നൽകുന്നതിനായുള്ള പ്രോജക്ടിന്റെ ചെലവുരേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കാത്തതിനാൽ ചെലവു തുക 156200/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 1498763/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.- 12
പ്രോജക്ടിന്റെ പേര്- എസ് എസ് എ വിഹിതം നൽകൽ (എസ് സി പി)

അടങ്കൽ- 1498763 (പൊതുവിഭാഗം (എസ് സി പി )

ചെലവ് - 1498763 ( Bill No 21/06.11.20)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി എസ് എസ് എ യ്ക്ക് നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 1498763/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർപരിശോധനകൾക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ദുരന്ത നിവാരണം- പൊഴിമുറിക്കൽ അപാകതകൾ

പ്രോജക്ട് നം.- 173
പ്രോജക്ടിന്റെ പേര്- ദുരന്ത നിവാരണം നമ്മൾ നമുക്കായി

അടങ്കൽ- 9 ലക്ഷം (തനത് ഫണ്ട്)

ചെലവ് - 293550

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ അടിമലത്തുറ,അമ്പലത്തുമൂല വാർഡുകളിൽ നിരന്തരം പൊഴിമൂടുന്നതിനെ തുടർന്ന്,പൊഴിമുറിക്കലിന് പണം ചെലവഴിച്ചു വരുന്നു. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം 4 ലക്ഷം രൂപയാണ് പൊഴിമുറിക്കൽ എന്ന പ്രവർത്തിയിക്ക് വകയിരുത്തിയിരിക്കുന്നത്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. സ്റ്റോർ പർച്ചെയ്സ് മാനുവൽ പാലിച്ച് കൊണ്ടുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

. നോട്ട് ഫയലിൽ ടെണ്ടർ ക്ഷണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ ജോണി എന്നയാൾ 30.06.2020 ൽ ലഭ്യമാക്കിയ

ടെണ്ടർ പ്രകാരം ഒരു ദിവസം ജെ സി ബി ലഭ്യമാകുന്നതിന് മിനിമം തുകയായി ക്വാട്ട് ചെയ്തിരിക്കുന്നത് 3250/- രൂപയാണ് . എന്നാൽ ആയത് അംഗീകരിച്ച ഭരണ സമിതി തീരുമാനം ലഭ്യമല്ല. നോട്ട് ഫയൽ പേജ് നം 15 പ്രകാരം പൊഴിമുറിക്കുന്നതിലേയ്ക്കായി ശ്രീ ജോണി എന്നയാളുടെ പേരിൽ തുക അനുവദിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടിയാൾ ഹാജരാക്കിയിട്ടുള്ള കരാർ പത്രത്തിൽ കരാർ വ്യവസ്ഥകളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 04.06.20 തീയതിയിൽ 8800/- രൂപ , 05.06.20 തീയതിയിൽ 8800/- രൂപ എന്ന നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. ടെണ്ടർ നിരക്കിനെ അധികരിച്ച് തുക നൽകിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/15.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

. പ്രോജക്ടിനായി ടെണ്ടർ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ , ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം, ടെണ്ടർ ലഭിച്ചവരുടെ വിശദാംശങ്ങൾ , ടെണ്ടർ നിരക്ക്, തുക നൽകിയത് ക്രമപ്രകാരമാണോ തുടങ്ങിയ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ കർശനമായി പാലിച്ചുകൊണ്ടും സുതാര്യമായും പ്രോജക്ട് നിർവഹണം നടത്തേണ്ടതാണ്.

## 1-26 ചെലവു രേഖകൾ ഹാജരാക്കിയില്ല- 1,90,600/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 273, ഹരിതസേന പ്രവർത്തനം മാലിന്യശേഖരണം

നിർവഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ (നോർത്ത് സർക്കിൾ )

അടങ്കൽ - 56670 ( 7200- പൊതുവിഭാഗം (സാ.ധാ)

59500- തനത് ഫണ്ട്

500000- മറ്റുള്ളവ )

| | | |
|---|---|---|
| ചെലവ് - 207500 ( Bill No 9/20-21 Rs 7200 | അസിസ്റ്റന്റ് സെക്രട്ടറി | 1,90,600 |
| ചെക്ക് നം 2204693/30.04.20 Rs 38600/- | | |
| ചെക്ക് നം 8925/22.05.20 Rs 4000/- | | |
| ചെക്ക് നം 9645/14.09.20 Rs 4800/- | | |
| ചെക്ക് നം 2030442/22.06.20 Rs 136000/- | | |
| ചെക്ക് നം 1632550/22.09.20 Rs 16900/- | വി ഇ ഒ (നോർത്ത്) | |

ഹരിതസേന പ്രവർത്തനം മാലിന്യശേഖരണം എന്ന പ്രോജക്ടിനായി അസിസ്റ്റന്റ് സെക്രട്ടറി നൽകിയ ബില്ലുകൾക്കാധാരമായ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 1,90,600/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 27/17.03.2022 ) രേഖകൾ എപ്പോൾ വേണമെങ്കിലും ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 147/21

മെഡിക്കൽ കോളേജിലെ മാലിന്യസംസ്കരണ സംവിധാനം ( വിഹിതം നൽകൽ)

അടങ്കൽ - 1,00,000 ( സി.എഫ്.സി)

ചെലവ് - 1,00,000 , ബിൽ നം.11/തീയതി 21.03.21

നിർവഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ടിനായി ശുചിത്വമിഷൻ , ജില്ലാ മിഷൻ കോർഡിനേററർക്ക് 10 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 1ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർപരിശോധനകൾക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക നൽകി -1680

രൂപ തിരികെ ഈടാക്കേണ്ടതാണ്.

(എ) പ്രോജക്ടിന്റെ പേര് - 359/21 സെപ്റ്റിക് ടാങ്ക് നിർമാണം

നിർവഹണ ഉദ്യോഗസ്ഥ- വി ഇ ഓ (നോർത്ത് ) സർക്കിൾ

അടങ്കൽ - 526680 ( കേന്ദ്രാവിഷ്കൃത ഫണ്ട് - 28500, തനത് ഫണ്ട് - 241680)

ചെലവ് - 526680

(ബി) പ്രോജക്ടിന്റെ പേര് - 263/21 സെപ്റ്റിക് ടാങ്ക് നിർമാണം

നിർവഹണ ഉദ്യോഗസ്ഥ- വി ഇ ഒ (നോർത്ത് ) സർക്കിൾ

അടങ്കൽ - 175560 ( കേന്ദ്രാവിഷ്കൃത ഫണ്ട് - 96000, തനത് ഫണ്ട് - 80560)

ചെലവ് - 175560

മേൽ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിൽ ഉപയോഗപ്രദമല്ലാത്ത സെപ്റ്റിക് ടാങ്ക് ഉള്ള വ്യക്തികൾക്ക് സെപ്റ്റിക് ടാങ്ക് നിർമിക്കുന്നതിന് 9240/- രൂപ വീതം ( പെർഫോർമൻസ് ഇൻസന്റീവ് ഗ്രാന്റ് - 5000, തനത് ഫണ്ട് - 4240/-) നൽകിയിരിക്കുന്നു. വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന പരമാവധി തുകയാണ് 9240/- രൂപ. എന്നാൽ ചില ഗുണഭോക്താക്കൾക്ക് എൽ.എസ്.ജി.ഡി ഓവർസീയർ ലഭ്യമാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ

| പ്രോജക്ടിന്റെ നം. | പേര് | വാല്യുവേഷൻ തുക | അനുവദിച്ച തുക | അധികം നൽകിയ തുക | |
|---|---|---|---|---|---|
| 359/21 | അനി ബി | 9000 | 9240 | 240 | ചെക്ക് നം. 01089/13.11.20 |
| | ട്രീസാ ആന്റണി | 9000 | 9240 | 240 | |
| | അജിതാകുമാരി | 9000 | 9240 | 240 | |
| 263/21 | സരോജം | 9000 | 9240 | 240 | ചെക്ക് നം 9848/28.10.20 Rs 30000 , 9851/28.10.20 Rs 25440, 10146/02.11.20 Rs 35000, 10149/02.11.20 Rs 29680/- |
| | ശ്രീകല | 9000 | 9240 | 240 | |
| | മുത്തപ്പൻ | 9000 | 9240 | 240 | |
| | വിജയൻ ജി | 9000 | 9240 | 240 | |
| | | | ആകെ | 1680 | |

അധികമായി നൽകിയ 1680/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 28/ 18.03.2022) "വാല്യുവേഷനിൽ ഉണ്ടായ ക്ലറിക്കൽ എറർ പരിഹരിച്ച് പുതുക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു' എന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടിയോടൊപ്പം വാല്യവേഷൻ തുകയിൽ മാറ്റം വരുത്തി 19.03.2022 ൽ തയാറാക്കിയ പുതുക്കിയ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയാണുണ്ടായത്. നവംബർ 2020 ൽ നടന്ന പ്രവർത്തിയ്ക്ക് 2022 മാർച്ച് മാസം നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ചെക്കിൽ രേഖപ്പെടുത്തിയിരുന്ന തുകയേക്കാൾ കൂടുതൽ പിൻവലിച്ചു-പഞ്ചായത്തിന് നഷ്ടമായ തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ബിൽ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം കേരള ഗ്രാമീൺ ബാങ്ക് ( നെല്ലിമൂട് ബ്രാഞ്ച്) തനത് ഫണ്ട് അക്കൌണ്ടിൽ നിന്നും പിൻവലിക്കുന്നതിനായി ഇഷ്യൂ ചെയ്തിരിക്കുന്ന ഭൂരിഭാഗം ചെക്കുകളിലെ തുകയും ബാങ്കിൽ നിന്നും പിൻവലിച്ചിരിക്കുന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

അതായത് ബിൽ രജിസ്റ്ററിൽ ചെക്ക് നം 11338/5.03.2021 മുഖേന കേരള ഗ്രാമീൺ ബാങ്ക് നെല്ലിമൂട് ബ്രാഞ്ച് തനത് ഫണ്ട് അക്കൌണ്ടിൽ നിന്നും ശമ്പള റിക്കവറിയിനത്തിൽ 1,62,716 രൂപ സെൽഫ് ചെക്കായി രേഖപ്പെടുത്തിയിരിക്കുന്നു (വൌച്ചർ നം 22001103മുതൽ 22001109 വരെ ). എന്നാൽ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ചിരിക്കുന്ന തുക 1,65,970/- ആണ്.3254/- രൂപ കൂടുതലായി പിൻവലിച്ചിരിക്കുന്നു.

ഇപ്രകാരം ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയേക്കാൾ അധികം തുകയാണ് ബാങ്ക് സ്റ്റേററ്മെന്റ് പ്രകാരം പിൻവലിച്ചിരിക്കുന്നത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| വൌച്ചർ നം | ചെക്ക് നം , തീയതി | ബിൽ രജിസ്റ്റർ പ്രകാരം ചെക്ക് തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|
| 22001103-1109 | 11338/5.03.2021 | 162716 | 165970 | 3254 |
| 22001469 | 11412/29.03.21 | 20587 | 20999 | 412 |
| 22001472 | 11413/31.03.21 | 14000 | 14280 | 280 |
| 22001398 | 11335/03.03.21 | 17306 | 17652 | 346 |
| 22001025 | 10712/24.02.21 | 12129 | 12372 | 243 |
| 22001014 | 10701/23.02.21 | 3843 | 3920 | 77 |
| 22000990-995 | 10687/5.02.21 | 178758 | 182333 | 3575 |
| 22000969 | 10682/02.02.21 | 2146 | 2189 | 43 |
| 22000969-76 | 10680/01.2.21 | 35870 | 36587 | 717 |
| 22000961 | 10677/29.01.21 | 12328 | 12575 | 247 |
| 22000942 | 10657/13.01.20 | 10185 | 10389 | 204 |
| 22000941 | 10656/13.01.21 | 7435 | 7584 | 149 |
| 22000891 | 10630/23.12.20 | 1000 | 1020 | 20 |
| 22000882 | 10621/23.12.20 | 39854 | 40651 | 797 |
| 22000831 | 10203/25.11.20 | 9287 | 9473 | 186 |
| 22000826 | 10197/16.11.20 | 89840 | 91637 | 1797 |
| 22000819 | 10188/11.11.20 | 3000 | 3060 | 60 |
| 22000815 | 10185/10.11.20 | 10441 | 10650 | 209 |
| 22000798 | 10171/09.11.20 | 50055 | 51056 | 1001 |
| 22000765-767 | 10155/4.11.20 | 476744 | 486279 | 9535 |
| 22000778-789 | 10159/5.11.20 | 22020 | 22460 | 440 |
| 22000770-772 | 10156/04.11.20 | 45500 | 46410 | 910 |
| 22000717-723 | 10132/30.10.20 | 7018 | 7158 | 140 |
| 22000715 | 9859/28.10.20 | 37120 | 37862 | 742 |
| 22000697-699 | 9845/23.10.20 | 96820 | 98756 | 1936 |
| 22000689 | 9838/22.10.20 | 4539 | 4630 | 91 |
| 22000680 | 9833/14.10.20 | 600 | 612 | 12 |
| 22000663-664 | 9816/01.10.20 | 45500 | 46410 | 910 |

| | | | | |
|---|---|---|---|---|
| 22000652 | 9810/1.10.20 | 9200 | 9384 | 184 |
| 22000634-635 | 9801/24.09.20 | 39650 | 40443 | 793 |
| 22000620-627 | 9795/23.09.20 | 13100 | 13362 | 262 |
| 22000629 | 9797/24.09.20 | 28800 | 29376 | 576 |
| ..... | 9837/22.10.20 | 25600 | 26112 | 512 |
| ആകെ | | 1532991 | 1563651 | 30660 |

ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയേക്കാൾ 2% കൂടി അധികമായ തുകയാണ് പിൻവലിക്കപ്പെട്ടിരിക്കുന്നത്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 എൻ പ്രകാരം ഒരു സാമ്പത്തിക വർഷം 1 കോടിയിലധികമായ/20 ലക്ഷത്തിലധികമായ പണമിടപാടുകൾക്ക് 2% നിരക്കിൽ ടി.ഡി.എസ് ഇനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെ ബാങ്കിടപാടുകൾ ടി.ഡി.എസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ ചെക്കുകളിൽ 2% തുക അധികം പിൻവലിച്ചത് എന്തിനാണെന്നോ എപ്രകാരം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവെന്നോ വ്യക്തമാക്കിയില്ല.

ആയതിനാൽ അധികമായി പിൻവലിച്ചിരിക്കുന്ന തുക 30,660/- രൂപ ബാങ്കിൽ നിന്നും തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

2020 സെപ്റ്റംബർ മുതലുള്ള ഏതാനും പണമിടപാടുകളിലുള്ള വ്യത്യാസം മാത്രമാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്. ഭൂരിഭാഗം പിൻവലിക്കലുകളിലും ഇത്തരത്തിലുള്ള അപാകതയുണ്ട്. സാമ്പത്തിക വർഷം കേരള ഗ്രാമീൺ ബാങ്കിൽ നിന്നും പിൻവലിക്കുന്നതിനായി ഇഷ്യൂ ചെയ്തിരിക്കുന്ന മുഴുവൻ ചെക്കുകളിലെ തുകയും ബാങ്കിൽ നിന്നും ഡെബിറ്റ് ചെയ്തിരിക്കുന്ന തുകയും പരിശോധിച്ച് നഷ്ടം നിജപ്പെടുത്തി മുഴുവൻ തുകയും തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇപ്രകാരം ചെക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയേക്കാൾ കൂടുതൽ തുക പിൻവലിക്കാനുണ്ടായ കാരണം, പണമിടപാട് പഞ്ചായത്ത് ഫണ്ടുമായി റീകൺസിൽ ചെയ്തതിന്റെ വിവരങ്ങൾ , അധികമായി പിൻവലിച്ച തുക ക്രമീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 13 / 14.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 റിക്കവറിയിനത്തിൽ കുറവുചെയ്ത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയില്ല

2021 മാർച്ച് മാസത്തെ വൌച്ചറുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കോ ഓപ്പറേറ്റീവ് റിക്കവറിയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ നിന്നും (കേരള ഗ്രാമീൺ ബാങ്ക്) പിൻവലിച്ചിരിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ജീവനക്കാരന്റെ പേര് | ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുക | ചെക്ക് മുഖേന ബാങ്കിൽ നിന്നും പിൻവലിച്ച തുക | വൌച്ചർ നം ചെക്ക് നം , തീയതി |
|---|---|---|---|
| സന്തോഷ് കണ്ണൻ ക്ലർക്ക് | 10000 | 10000 | 220001109 /05.03.21<br>11338/5.03.2021 Rs 162716 |
| സുമം ആർ (സീനിയർ ക്ലർക്ക്) | 5000 | 5000 | 22000995/5.02.21<br>10687/5.02.2021 Rs 178758/- |
| സന്തോഷ് കണ്ണൻ ക്ലർക്ക് | 10000 | 10000 | |

| | | | |
|---|---|---|---|
| എ സുമംഗല (Part Time ആയ) | 3500 | 3500 | |
| ആകെ | | 28500 | |

28,500/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കിയതിന്റെയോ, അല്ലാത്ത പക്ഷം തുക തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയതിന്റെയോ,തുക ക്രമീകരിച്ചതിന്റെയോ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം 13 / 14.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 28500/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തുക ക്രമീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല

മുൻബാക്കി, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം, നീക്കിയിരിപ്പ് എന്നീ വിവരങ്ങളുടെ മാസാന്ത്യ സംക്ഷിപ്തം ഓരോ മാസത്തിന്റെ അവസാന ദിവസവും വർഷാന്ത്യ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തേണ്ടതും ആയത് കസ്റ്റോഡിയൻ-ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 8/10.03.2022) മറുപടി ലഭ്യമാക്കി.

## 1-32 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ

ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അടിയന്തിരമായി ടി വിഷയം അജണ്ടയായി ഉൾപ്പെടുത്തി ദുരിതാശ്വാസ നിധിക്കായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി.

(ഓഡിറ്റ് എൻക്വയറി നമ്പർ26/17.03.2012 ).

പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ലൈഫ് മിഷൻ വായ്പ- അപാകതകൾ

(എ) ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട കെ.യു.ആർ.ഡി.എഫ്.സി വായ്പാ രജിസ്റ്റർ ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വായ്പ രജിസ്റ്റർ, ധനകാര്യപത്രിക എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ലഭ്യമായ വിശദാംശം ചുവടെ ചേർക്കുന്നു.

| | മുൻവർഷം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തിരിച്ചടവ് | തിരിച്ചടയ്ക്കാനുള്ള തുക |
|---|---|---|---|---|
| ധനകാര്യപത്രിക പ്രകാരം | | 41,13,983 | | |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | 46,53,983 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

ഹഡ്കോ വായ്പയിനത്തിൽ നാളിതുവരെ ലഭ്യമായ തുക, നാളിതുവരെയുള്ള തിരിച്ചടവ് , തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(എ) സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്ന പ്രോജക്ടിന്റെ ചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് (സുലേഖ പ്രകാരം ) |
|---|---|---|---|---|
| 1 | 376 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ) | 1346510 ( പൊതുവിഭാഗം ജനറൽ) | 1346510 |
| 2 | 377 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ് സി പി) | 80569 (പൊതുവിഭാഗം എസ് സി പി ) | 80569 |

| | | | | |
|---|---|---|---|---|
| 3 | 380 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ) | 1346510 ( പൊതുവിഭാഗം ജനറൽ) | 1346510 |
| 4 | 381 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ് സി പി) | 80569 ( പൊതുവിഭാഗം ജനറൽ ) | 80569 |

സ.ഉ (സാധാ) 43/2020 / ധന തീയതി 01.01.2021 പ്രകാരം സമ്പൂർണ പാർപ്പിട പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി ഫണ്ടിൽ നിന്നും അടവാക്കേണ്ട തുക 80569/- രൂപയാണ്.എന്നാൽ ഇതിനു വിരുദ്ധമായി പ്രോജക്ട് നം 381 പ്രകാരം (സുലേഖ പത്രിക ) പൊതുവിഭാഗം (ജനറൽ) ഫണ്ടിൽ നിന്നുമാണ് അടങ്കൽ തുക വകയിരുത്തിയിരിക്കുന്നതും പ്രോജക്ടിന്റെ ചെലവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകത പരിഹരിക്കുന്നതിന് ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയ ചെക്കുകൾ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

കേരള ഗ്രാമീൺ ബാങ്ക്, നെല്ലിമൂട് ശാഖയിൽ (അക്കൌണ്ട് നം 40682101042623) നിലവിലുള്ള ലൈഫ് മിഷൻ പ്രോജക്ടുകൾക്കായുള്ള അക്കൌണ്ടിന്റെ ഫെബ്രുവരി 2021 ലെ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ചുവടെ ചേർക്കുന്ന ചെക്കുകൾ മാർച്ച് 2021 ലെ റീകൺസിലിയേഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്കുകൾ പ്രകാരമുള്ള തുകകൾ മാർച്ച് മാസം അക്കൌണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല.

| ചെക്ക് നം , തീയതി | തുക | കുറിപ്പ് |
|---|---|---|
| 8240/06.11.2020 | 160000 | ബിൽ രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |
| 8237/04.11.2020 | 320000 | പ്രോജക്ട് നം 288 |
| 8230/22.10.20 | 200000 | ബിൽ രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |
| 8231/23.10.20 | 80000 | ബിൽ രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |
| 8232/28.10.20 | 33983 | ലൈഫ് ലോൺ |
| 8224/04.09.20 | 280000 | ലൈഫ് പ്രോജക്ട് നം 288 |
| 8225/14.09.2020 | 120000 | ലൈഫ് പ്രോജക്ട് നം 264 |
| 8227/23.09.20 | 120000 | ലൈഫ് പ്രോജക്ട് നം 287 |
| 8228/23.09.20 | 100000 | ലൈഫ് പ്രോജക്ട് നം 288 |
| 8229/23.09.20 | 60000 | ലൈഫ് പ്രോജക്ട് നം 288 |
| 8226/07.10.20 | 180000 | ലൈഫ് പ്രോജക്ട് നം 288 |

മേൽ പരാമർശിച്ച ചെക്കുകൾ റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതും ചെക്കുകൾ നൽകിവരുടെയും തുക കൈപ്പറ്റിയതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 ഗ്രാമപഞ്ചായത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം 2014-15ൽ ആരംഭിച്ച് 4.5കോടി മുടക്കിയ പദ്ധതി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ - പൊതു പണത്തിന്റെ പാഴ്ച്ചെലവ്

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ 'സിവിൽ സ്റ്റേഷൻ നിർമ്മാണം' എന്ന പദ്ധതിക്ക് (പ്രോജക്റ്റ് നം.99/2012-13) 11/07/2014 -ൽ ആണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. രണ്ട് തവണ ഇ-ടെണ്ടർ നടത്തിയെങ്കിലും ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ 20/11/2014-ൽ ടി പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും, അതനുസരിച്ച് ശ്രീ. വിൻസ്റ്റൺ ജെ. സ്റ്റീഫൻ, ബദനി, കല്ലിയൂർ. പി.ഒ. എന്ന കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ പ്രവർത്തി നടത്താൻ 21/02/2015-ൽ കരാർ നല്കുകയും (Agreement No.86/AE/LSGD/KOP/14-15 Dtd.21.02.2015) 23/02/2015-ന് സൈറ്റ് കൈമാറുകയും ചെയ്തു. തുടർന്ന് ഏഴ് പാർട്ട് ബില്ലുകളായി 2014-15, 2015-16, 2016-17 വർഷങ്ങളിലായി ആകെ 4,47,82,357/-രൂപ കരാറുകാരന് നല്കി എന്നും, എന്നാൽ 13/12/16-ന ശേഷം കരാറുകാരനും, പഞ്ചായത്ത് അസി. എഞ്ചിനീയറുമായുള്ള തർക്കം കാരണം യാതൊരു വിധ പണിയും ചെയ്യാതെ, കരാറുകാരൻ പണി ഉപേക്ഷിച്ചതായും, ഇതേ തുടർന്ന് ടിയാളുമായുള്ള കരാർ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ 25/04/2020-ലെ 2210/എ.ഇ/എൽ.എസ്.ജി.ഡി/കെ.ഒ.പി നമ്പർ നടപടിക്രമം പ്രകാരം റദ്ദ് ചെയ്തതായും കാണുന്നു. 13/12/16- ൽ പണി ഉപേക്ഷിച്ചുപോയ കരാറുകാരൻ കരാർ റദ്ദ് ചെയ്യുന്നത് 25/04/2020ൽ മാത്രമാണ്.

കരാറുകാരന്റെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായ സമയത്ത് തന്നെ കരാർ റദ്ദ് ചെയ്യുകയും, കരാറുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കിയ ശേഷം, ശേഷിക്കുന്ന പണി റീടെണ്ടർ ചെയ്യാനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണുന്നില്ല.

2016-17-ന് ശേഷം, ടി പദ്ധതിക്കായി പഞ്ചായത്ത് തുകയൊന്നും വകയിരുത്തിയിട്ടില്ല. 23/02/2015ൽ ആരംഭിച്ച് 13/12/2016-ൽ പണി നിറുത്തിയ ടി പദ്ധതി പ്രകാരം 4,47,82,357/-രൂപ ചെലവിട്ട് ഭാഗികമായി പണിത സിവിൽ സ്റ്റേഷൻ കഴിഞ്ഞ 5 വർഷമായി തുടർനടപടികൾ ഇല്ലാതെ ഉപേക്ഷിക്കപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ആണ്.

ആദ്യ കരാറുകാരനുമായുള്ള കരാർ റദ്ദ് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ശേഷിക്കുന്ന പണികൾ എത്രയും വേഗം റീടെണ്ടർ ചെയ്ത് പുതിയ കരാറുകാരനെ പണി ഏല്പിച്ചില്ലായെങ്കിൽ നിലവിലെ നിർമ്മാണം പൂർണ്ണമായും നശിച്ച പോകുകയും ഏകദേശം നാലരക്കോടി രൂപ പൊതു ഖജനാവിന് നഷ്ടം ഉണ്ടാകുകയും ചെയ്യും. ആയതിനാൽ ഇക്കാര്യത്തിൽ ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കേണ്ടതും, ഒപ്പം, കരാർ ലംഘനം നടത്തിയ കരാറുകാരനിൽ നിന്ന് പഞ്ചായത്തിന് ഉണ്ടായ നഷ്ടം ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(കെട്ടിടത്തിന്റെ നിലവിലുള്ള അവസ്ഥയുടെ ചിത്രം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു).







## 1-36 അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പണികളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

(എ) പ്രോജക്ടിന്റെ പേര് - FHC യിൽ പൊതു ടോയ്‌ലറ്റ് (ടേക്ക് എ ബ്രേക്ക്)

അടങ്കൽ - 10ലക്ഷം (മറ്റുള്ളവ – കോർപറേഷൻ)

ചെലവ് - 10ലക്ഷം (സുലേഖ പ്രകാരം)

എം. ബുക്ക് നം. - 124/21-22

കരാറുകാരൻ - ബീനാറാണി . എ.എസ്.

എഗ്രിമെന്റ് നം. - 91/AE/LSGD/KTL/2021-22 Dated 25.02.2021

സൈറ്റ് കൈമാറിയ തീയതി - 05.03.2021

ടി പദ്ധതിയുടെ അടങ്കൽ തുക മുഴുവൻ ചെലവ് വന്നതായി സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി ചെലവിന്റെ വിശദാംശങ്ങൾ (ബിൽ നം. ചെക്ക് നം. വർക്ക് ബിൽ) എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(ബി) താഴെപ്പറയുന്ന മരാമത്ത് പ്രവർത്തികളിൽ (റോഡ് റീ ടാറിംഗ്) ഉപയോഗിച്ച ടാറിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ ടാർ വാങ്ങിയ ബിൽ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് (സാധാ.)3049/2016 തസ്വഭവ തീയതി 08/11/2016 പ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ കരാറുകാറിലൂടെ നിർവ്വഹിക്കപ്പെടുന്ന ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ നിർബന്ധമായും ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

1. പ്രോജക്ട് നം. - 93/20-21

പ്രോജക്ടിന്റെ പേര് - പുന്നവിള പയറുംമൂട് EMS സ്മാരക റോഡ് റീടാറിംഗ് (മെയിന്റനൻസ് ഫണ്ട് റോഡ്)

അടങ്കൽ - 931000

ചെലവ് - 745832

കോൺട്രാക്ടർ - എസ്. രാജേന്ദ്രൻ

2. പ്രോജക്ട് നം. - 151/20-21 മൊട്ടവിള പമ്പ് ഹൗസ് റോഡ് റീ ടാറിംഗ്

കോൺട്രാക്ടർ - എസ്. രാജേന്ദ്രൻ

അടങ്കൽ - 4,00,000/- (മെയിന്റനൻസ് ഫണ്ട്)

ചെലവ് - 3,99,953/-
ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ടാറിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ടാർ വാങ്ങിയ ബില്ല് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 1-37 അസിസ്റ്റന്റ് എഞ്ചിനീയർ - രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും പരിപാലനം സംബന്ധിച്ച്

(1) എല്ലാ നിർവഹണ ഉദ്യോഗസ്ഥരും അവശ്യം എഴുതി സൂക്ഷിക്കേണ്ട ടി.ആർ.7എ മാതൃകയിലുള്ള കാഷ് ബുക്ക് അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്നില്ല.

(2) എസ്.ബി.ഐ. ഉച്ചക്കട ബ്രാഞ്ചിൽ കോട്ടുകാൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 67379061771 നമ്പർ എസ്.ബി. അക്കൗണ്ടിൽ 2020-21 വർഷത്തിൽ മുന്നിരിപ്പ് ഉൾപ്പെടെ 2260294.60രൂപ വരവും 1799731/-രൂപ ചെലവും കാണുന്നു. എന്നാൽ കാഷ് ബുക്കോ ടി അക്കൗണ്ടിൽ നിന്നുള്ള ചെലവിനാധാരമായ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-38 കോവിഡ് പ്രവർത്തന അവലോകനം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020-21 ൽ പഞ്ചായത്ത് തലത്തിൽ Emergency Response Team രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഹെൽപ്ഡസ്ക്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 2020-21 ൽ 93,39,989/- രൂപ ചെലവഴിച്ചിട്ടുണ്ട്.സ.ഉ.(സാധാ)നം.1364/2020/ത.സ്വ.ഭ.വ. പ്രകാരം സി.എഫ്.എൽ.ടി.സിയുടെ രൂപീകരണ ത്തിനും പ്രവർത്തനത്തിനുമായി മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സി.എഫ്.എൽ. ടി.സിയുടെ

പ്രവർത്തനം 21.07.2020മുതൽ 01.02.2021 വരെ നടത്തിയിട്ടുണ്ട്. ക്വാറന്റീൻ സെന്ററിനു ആവശ്യമായ വസ്തുക്കൾ (കട്ടിൽ,മെത്ത.തലയിണ,ബെഡ്ഷീറ്റ് മുതലായവ)പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വാങ്ങുകയും ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആര്യോഗ്യ പ്രവർത്തകരേയും ശുചീകരണ തൊഴിലാളികളെയും റൊട്ടേഷൻ അടിസ്ഥാനത്തിലാണ് നിയമിച്ചത്. കോവിഡ് പ്രതിരോധത്തിനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം 20ലക്ഷം രൂപ ലഭിച്ച . 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. അവിടെ ഒരു ജീവനക്കാരെ നിയമിച്ചിരുന്നു. വരവായി പഞ്ചായത്ത് അക്കൗണ്ടിൽ തുകയൊന്നും സ്വീകരിച്ചിട്ടില്ല എന്നും കമ്മ്യൂണിറ്റി കിച്ചന്റെ നടത്തിപ്പിനായി 49524/- രൂപ ചെലവഴിച്ചുവെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1/08.03.22 ന് മറുപടി നൽകിയിട്ടുണ്ട്.

കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾക്കായി അസി.സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ കേരളഗ്രാമീൺ ബാങ്ക് നെല്ലിമൂട് ശാഖയിൽ ( അക്കൌണ്ട് നം 40682101073340) 17.09.2020 ൽ ആരംഭിച്ചിരിക്കുന്ന അക്കൌണ്ടിന്റെ പാസ് ബുക്ക് പ്രകാരം 31.03.2021 ൽ 28805.95രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൌണ്ട് പ്രകാരമുള്ള വരവ് ചെലവുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.17.09.2020 ലാണ് അക്കൌണ്ട് ആരംഭിച്ചിരിക്കുന്നതെങ്കിലും 18.09.2020 മുതൽ 11.2020 വരെയുള്ള ചിലവുകൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്.

കോവിഡ് പ്രതിരോധത്തിനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം 20ലക്ഷം രൂപ ലഭിച്ചു. ലഭിച്ച തുക മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. കോവിഡ് പ്രതിരോധത്തിനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം 20ലക്ഷം രൂപ ലഭിച്ച . ലഭിച്ച തുക മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ബാക്കി തുക ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് ഫണ്ട് അക്കൌണ്ട് സ്റ്റേററ്മെന്റ്(കേരള ഗ്രാമീൺ ബാങ്ക്) , Grants And Contributions For Govt Agencies-Other Govt Agencies എന്നയിനത്തിന്റെ ലെഡ്ജർ ബുക്ക് എന്നിവ പ്രകാരം താലൂക്ക് ഓഫീസിൽ നിന്നുള്ള സംഭാവനയിനത്തിൽ 6,50,703/- രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കോവിഡ് പ്രവർത്തനങ്ങൾക്കായി ആരംഭിച്ച അക്കൌണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | മലമേൽക്കുന്ന കോളനി നവീകരണം | 400000 | 400000 |

| | | | | |
|---|---|---|---|---|
| | | കുഴിയംവിള കോളനി നവീകരണം | 280000 | 240000 |
| | | ക്ഷീര സമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 200000 | 100000 |
| | | ക്ഷീര സമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 200000 | 200000 |
| ആകെ | | | | 940000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ) | 534375 | 534375 |
| | | ലൈഫ് (ഭൂരഹിത ഭവനരഹിതർക്ക് ഭവനനിർമാണം (ജനറൽ ) | 1520000 | 160000 |
| | | മലമേൽക്കുന്ന കോളനി നവീകരണം | 200000 | 200000 |
| | | കുഴിയംവിള കോളനി നവീകരണം | 140000 | 80000 |
| | | ക്ഷീര സമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 100000 | 100000 |
| | | ലൈഫ് ഭവനനിർമാണം (എസ് സി ) | 960000 | 437883 |
| | | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ് സി ) | 166017 | 166017 |
| | | | ആകെ | 1678275 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 727175 | 1512258 | 2239433 | 1678275 | 561158 |
| ജില്ലാപഞ്ചായത്ത് | 20400 | 940000 | 960400 | 940000 | 20400 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 60419 | O | 0 | 60419 |
| KSEB | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനം ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗം | 392618 | O | 0 | 392618 |
| KSEB | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 133232 | 0 | 0 | 133232 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KWA | 6873080 | - | 6873080 | - | 6873080 |
| KSEB | 9748536 | 586269 | 10334805 | - | 10334805 |
| PWD | 594750 | - | 594750 | - | 594750 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു. തൻവർഷം 4113983/- രൂപയുടെ വരവ് വന്നിട്ടുണ്ട്.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | സ.ഉ (എം.എസ്) നം 68/18 തസ്വഭവ തീയതി 18.05.2018 | 10824685 | 32441270 (ധനകാര്യപത്രിക പ്രകാരം ) | 2854158 (സുലേഖ പ്രകാരം ) | 33701095 ( ധനകാര്യപത്രിക പ്രകാരം ) |

വായ്പ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെയുള്ള വരവ്, തിരിച്ചടവ് , നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. സാംഖ്യ, സുലേഖ എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 31153385 |
| ഓഡിറ്റ് വർഷത്തെ വരവ് | 140835493 |
| ആകെ | 171988878 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 159505404 |
| നീക്കിയിരിപ്പ് | 12483474 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4166888 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 30000 | ലത എ , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-20 | 453037 | അജു എ.ഒ ,സെക്രട്ടറി |
| 1-21 | 1738288 | അജു എ.ഒ ,സെക്രട്ടറി |
| 1-23 | 156200 | അജു എ.ഒ ,സെക്രട്ടറി |
| 1-24 | 1498763 | അജു എ.ഒ ,സെക്രട്ടറി |
| 1-26 | 190600 | ഗീത വി എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 100000 | ഗീത വി എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4166888 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം .

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|
| അജു എ.ഒ, സെക്രട്ടറി | അലീന ഇല്ലം, കണ്ണറവിള, നെല്ലിമൂട് പി ഒ |
| ഗീത വി എസ്, അസിസ്റ്റന്റ് സെക്രട്ടറി | വിജയസദനം, മേപ്പള്ളി ഹൌസ്, പേഴൂർക്കോണം, മുക്കാംപാലമൂട്, ബാലരാമപുരം |
| ലത എ, ഐ സി ഡി എസ് | ആര്യ ഭവൻ, ആന്തുർകുഴി, പെരിങ്ങമല, കല്ലിയൂർ പി ഒ |

| സൂപ്പർവൈസർ | |
|---|---|

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 22.06.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2003/16തീയതി.21.11.16 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1639/2017 തീയതി 16.08.2017 | 16 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2349/2019 തീയതി 15.03.2019 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ /20 തീയതി | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1848/21 തീയതി 23.02.2022 | 44 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്